
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 43 | THE ONLINE OFFICIAL NEWS BULLETIN | 2021 October 09

SEASON OF CROSS | സ്ലീബാകാലം | ܥܕܢܐ ܕܨܠܝܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
10 ♪4 4th Sunday after the Feast of Holy Cross	11 ♪8	12  ♪4 166th Mem. of Cheppad Philipose Mar Dionysius (St. Geroge Church, Cheppad) 41st Mem. of Yuhannon Mar Athanasios OIC (Perunad Bethany Asram)	13 ♪8	14  ♪4 Comme. of St. Athanasios of Alexandria	15  ♪8 Comme. of St. Osyo the Ascetic	16 ♪4

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ 2021 ഒക്ടോബർ 14-ന് പരുമലയിൽ

കോട്ടയം: പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയെ തെരഞ്ഞെടുക്കുവാനായി സമ്മേളിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം പരുമല സെമിനാരി അങ്കണത്തിലെ പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ നഗറിൽ, ഒക്ടോബർ 14-നു ഒരു മണി മുതൽ സമ്മേളിക്കും. ലോക ക്രൈസ്തവ ചരിത്രത്തിൽ ആദ്യമായാണ് സഭയുടെ ഏറ്റവും വിപുലമായ ജനാധിപത്യസമിതി വീഡിയോ



മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം

പരുമല സെമിനാരി

14-10-2021

അജണ്ട

1. പ്രാർത്ഥന
2. നോട്ടീസ് കല്പന വായന
3. ഉപക്രമ പ്രസംഗം
4. പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി ഒരാളെ തെരഞ്ഞെടുക്കുക.

   നാമനിർദ്ദേശം

   നി.വ.ദി.ശ്രീ. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ (കണ്ടനാട് വെസ്റ്റ് മെത്രാസന ഇടവക)
5. മലങ്കര അസോസിയേഷൻ പ്രസിഡന്റിന് ആവശ്യമെന്ന് ബോധ്യമുള്ളതും മുൻകൂട്ടി അനുവദിക്കുന്നതുമായ ഇതര വിഷയങ്ങൾ പരിഗണിച്ച് യുക്തമായ തീരുമാനങ്ങൾ ചെയ്യുക.
6. ഉപസംഹാരം
7. പ്രാർത്ഥന

പ്രസിഡന്റ്
മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ

Metropolitan Kuriakose Mar Clemis

കാതോലിക്കേറ്റ് ഓഫീസ്
ദേവലോകം,
കോട്ടയം 686004.
02-10-2021

കോൺഫ്രൻസിലൂടെ ഓൺലൈനായി സമ്മേളിക്കുന്നത്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന 71-ാം വകുപ്പ് അനുസരിച്ച് ഇടവക പള്ളികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പള്ളി പ്രതിപുരുഷന്മാരും, നിലവിലുള്ള മാനേജിംഗ് കമ്മറ്റി അംഗങ്ങളുമാണ് യോഗത്തിൽ സംബന്ധിക്കുന്നത്.

വിദേശ രാജ്യങ്ങളിലേതടക്കം മലങ്കര ഓർത്തഡോക്സ് സഭയുടെ 30 മെത്രാസനങ്ങളിലെ 1590 ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വൈദികരും, അൽമായരും, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളും മെത്രാപ്പോലീത്തമാരും ഉൾപ്പെടെ 4007 ആളുകളാണ് യോഗത്തിൽ പങ്കെടുക്കേണ്ടത്. കോവിഡ് 19 മഹാമാരി നിമിത്തം പള്ളി പ്രതിപുരുഷന്മാർക്ക് ഒരേ സ്ഥലത്ത് ഒരുമിച്ചുകൂടുവാൻ കഴിയാത്ത സാഹചര്യവും, വിദേശ രാജ്യങ്ങളിൽ നിന്നുള്ള യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തതയും കണക്കിലെടുത്ത് മെത്രാസന അടിസ്ഥാനത്തിൽ ഒരേ സമയം പ്രത്യേകം തയ്യാറാക്കുന്ന കേന്ദ്രങ്ങളിൽ സമ്മേളിച്ച് യോഗത്തിൽ സംബന്ധിക്കുവാനുള്ള വിപുലമായ ക്രമീകരണങ്ങൾ ആണ് ഇത്തവണ തയ്യാറാക്കിയിരിക്കുന്നത്.

അസോസിയേഷന് തുടക്കം കുറിച്ചുകൊണ്ട് ഒക്ടോബർ 13-ന് ഉച്ചകഴിഞ്ഞ് 2.30-ന് അസോസിയേഷൻ നഗറിൽ അഡ്മിനിസ്ട്രേറ്റീവ് കൗൺസിൽ പ്രസിഡന്റും സീനിയർ മെത്രാപ്പോലീത്തായുമായ കുറിയാക്കോസ് മാർ ക്ലീമീസ് കാതോലിക്കേറ്റ് പതാക ഉയർത്തും. അസോസിയേഷൻ ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി 3 മണിക്ക് സഭാ മാനേജിംഗ് കമ്മറ്റി യോഗം നടക്കും.

14-നു രാവിലെ 9 മണി മുതൽ 12 വരെ സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളായ അസോസിയേഷൻ പ്രതിനിധികളുടെ രജിസ്ട്രേഷൻ പരുമലയിലും മറ്റ് പ്രതിനിധികളുടെ രജിസ്ട്രേഷൻ ഭദ്രാസന അടിസ്ഥാനത്തിൽ ക്രമീകരിക്കുന്ന വിവിധ കേന്ദ്രങ്ങളിലും നടക്കും. പള്ളികളിൽ നിന്നും എത്തുന്ന പ്രതിനിധികൾ അധികാരപത്രം അതത് സ്ഥലങ്ങളിലെ രജിസ്ട്രേഷൻ കൗണ്ടറുകളിൽ കാണിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കണം. ലോകത്തിന്റെ വിവിധ കേന്ദ്രങ്ങളിലായി 30 ഭദ്രാസനങ്ങളിലെ 50 കേന്ദ്രങ്ങളിലായി അംഗങ്ങൾക്ക് യോഗത്തിൽ പങ്കെടുക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. അസോസിയേഷൻ യോഗത്തിന്റെ മുഖ്യ വരണാധികാരിയായി ഫാ. അലക്സാണ്ടർ ജെ. കുര്യനെ നിയമിച്ചിട്ടുണ്ട്.

രജിസ്ട്രേഷനും ഉച്ചഭക്ഷണവും പൂർത്തിയാക്കികഴിഞ്ഞ് പ്രതിനിധികൾ യോഗാരംഭത്തിന് 30 മിനിറ്റ് മുമ്പ് യോഗ ഹാളുകളിൽ പ്രവേശിച്ച് യഥാസ്ഥാനങ്ങളിൽ ഇരിക്കേണ്ടതാണ്. ഓരോ കേന്ദ്രത്തിലും പങ്കെടുക്കേണ്ട പ്രതിനിധികളുടെ എണ്ണത്തിന് അനുസരിച്ചുള്ള ഇരിപ്പിടങ്ങൾ സാമൂഹിക അകലം പാലിച്ച്

(ശേഷം രണ്ടാം പേജിൽ)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ...

ക്രമീകരിക്കും. വിവിധ കേന്ദ്രങ്ങളിലായി അസോസിയേഷൻ യോഗത്തിൽ പങ്കെടുക്കുന്ന മുഴുവൻ പ്രതിപുരുഷന്മാരും കോവിഡ് പ്രോട്ടോകോൾ പാലിക്കുകയും, കോവിഡ് വാക്സിനേഷൻ രണ്ടു ഡോസും സ്വീകരിച്ചവരാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യും.

പരുമലയിലെ അസോസിയേഷൻ നഗറിൽ സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളും മെത്രാപ്പോലീത്താമാരും മാത്രമാണ് പങ്കെടുക്കേണ്ടത്. ഉച്ചയ്ക്ക് 12.30-ന് പരുമല പള്ളിയിലെ പ്രാർത്ഥനയ്ക്കുശേഷം മെത്രാപ്പോലീത്തന്മാരെ ആനയിച്ചുകൊണ്ടുള്ള ഘോഷയാത്ര ആരംഭിക്കും. ഏറ്റവും മുന്നിൽ കാതോലിക്കേറ്റ് പതാക ഏന്തിയ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ തുടർന്ന് അസോസിയേഷൻ സെക്രട്ടറി, വൈദിക ട്രസ്റ്റി, മെത്രാപ്പോലീത്താമാർ എന്നീ ക്രമത്തിൽ സമ്മേളന നഗറിൽ പ്രവേശിക്കും. തുടർന്ന് യോഗം ആരംഭിക്കും. അഡ്മിനിസ്ട്രേറ്റീവ് കൗൺസിൽ പ്രസിഡന്റും സീനിയർ മെത്രാപ്പോലീത്തായുമായ കുര്യാക്കോസ് മാർ ക്ലീമീസ് അദ്ധ്യക്ഷനായിരിക്കും.

മലങ്കര ഓർത്തഡോക്സ് സഭയുടെ 22-ാമത്തെ മലങ്കര മെത്രാപ്പോലീത്തായെയും 9-ാമത്തെ കാതോലിക്കായെയും ആണ് തെരഞ്ഞെടുക്കുന്നത്.

1876-ൽ മുളന്തുരുത്തി സുന്നഹദോസിൽ രൂപീകരിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ആണ് മലങ്കര ഓർത്തഡോക്സ് സഭയുടെ ഏറ്റവും വലിയ ഭരണസമിതി. ലോക ക്രൈസ്തവ സഭകളിലെ ഏറ്റവും വിപുലമായ ജനാധിപത്യ ഭരണ സമിതി (പൊതുയോഗം) ആണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ. സഭയുടെ പരമാദ്ധ്യക്ഷനെയും മേൽപട്ടക്കാരെയും, വൈദിക-അൽമായ ട്രസ്റ്റിമാരെയും, മാനേജിംഗ് കമ്മറ്റി അംഗങ്ങളെയും തെരഞ്ഞെടുക്കുന്നത് അസോസിയേഷൻ ആണ്.

മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷനെ തെരഞ്ഞെടുക്കുവാൻ കൂടുന്ന ഈ അസോസിയേഷനിലേക്ക് സഭാ മാനേജിംഗ് കമ്മറ്റിയുടെ ഒരു നാമനിർദ്ദേശം മാത്രമാണ് ലഭിച്ചിട്ടുള്ളത്. കണ്ടനാട് വെസ്റ്റ് ഭദ്രാസന ഇടയൻ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ ആണ് മാനേജിംഗ് കമ്മറ്റി നിർദ്ദേശിച്ചിരിക്കുന്നത്. മറ്റ് നാമനിർദ്ദേശങ്ങൾ ഇല്ലാത്തിനാൽ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ അസോസിയേഷൻ ഐകകണ്ഠ്യേന തെരഞ്ഞെടുക്കും.

14-ന് നടക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും, കോവിഡ് പശ്ചാത്തലത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഒരുക്കിയിരിക്കുന്ന വിപുലമായ ക്രമീകരണങ്ങൾ ഉപയോഗപ്പെടുത്തി നാലായിരത്തോളം പ്രതിനിധികൾ പങ്കെടുക്കുമെന്ന് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അറിയിച്ചു.



മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കാദിന നിധി സമാഹരണത്തിന്റെ ഭാഗമായി തുമ്പമൺ ഭദ്രാസന യോഗം 1-10-2021 ൽ പത്തനംതിട്ട ബേസിൽ അരമനയിൽ നടന്നു. കുര്യാക്കോസ് മാർ ക്ലീമീസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ജോഷ്വ മാർ നിക്കോദിമോസ് പങ്കെടുത്തു.



മലങ്കര അസ്സോസ്സിയേഷൻ ഫൈനൽ അജണ്ട പ്രസിദ്ധീകരിച്ചു

പരുമല: ഒക്ടോബർ 14-ന് പരുമലയിൽ നടക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്സിയേഷന്റെ ഫൈനൽ അജണ്ട പരുമല സെമിനാരിയിൽ വെച്ച് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലിത്ത പ്രസിദ്ധീകരിച്ചു. അസ്സോസ്സിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ്, നിരണം ഭദ്രാസന സെക്രട്ടറി ഫാ. അലക്സാണ്ടർ ഏബ്രഹാം, മാനേജിംഗ് കമ്മറ്റി അംഗം ടോം കോര എന്നിവർ സംബന്ധിച്ചു.



വയലാർ അവാർഡ് ബെന്യാമിന്

തിരുവനന്തപുരം: മലയാളത്തിലെ ഏറ്റവും വലിയ സാഹിത്യ പുരസ്കാരമായ വയലാർ അവാർഡ് പ്രശസ്ത നോവലിസ്റ്റും ചെറുകഥാകൃത്തുമായ ബെന്യാമിന്. 'മാന്തളിരിലെ 20 കമ്മ്യൂണിസ്റ്റ് വർഷങ്ങൾ' എന്ന നോവലിനാണ് പുരസ്കാരം. ഒരു ലക്ഷം രൂപയും കാനായി കുഞ്ഞിരാമൻ രൂപകല്പന ചെയ്ത ശില്പവും പ്രശസ്തിപത്രവുമാണ് അവാർഡ്. ഈ മാസം 27-ന് അവാർഡ് സമ്മാനിക്കും.

പരിശുദ്ധ പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവായുമായി ആത്മബന്ധം പുലർത്തുകയും, പരിശുദ്ധ പിതാവുമായി സുദീർഘമായി നടത്തിയ അഭിമുഖം ആസ്പദമാക്കി 'ജീവിതകാഴ്ചകൾ' എന്ന പുസ്തകം രചിക്കുകയും ചെയ്തിട്ടുണ്ട്. മലങ്കര ഓർത്തഡോക്സ് സഭയുടെ മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

പത്തനംതിട്ട ജില്ലയിലെ പന്തളത്തിനടുത്ത് കുളനട സ്വദേശിയാണ്. ബെന്നി ഡാനിയേൽ എന്നാണ് യഥാർത്ഥ പേര്. 'ആടുജീവിതം' എന്ന നോവലിന് 2009-ലെ മികച്ച നോവലിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയിട്ടുണ്ട്.

ലേഖനം

മലങ്കരസഭയുടെ സ്വാതന്ത്ര്യവും തനിമയും

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ

എ. ഡി. 52-ൽ മാർത്തോമാശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭ സ്വതന്ത്രയായി ജനിച്ചുവെങ്കിലും പാരതന്ത്ര്യത്തിന്റെ ചങ്ങലകളാൽ ബന്ധനസ്ഥയായി 21-ാം നൂറ്റാണ്ടിലും കഴിയുന്നു. മലങ്കര സഭയുടെ അരുമസന്താനങ്ങൾ ഉണർന്നു ചിന്തിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. മാർത്തോമായുടെ മക്കൾ സ്വതന്ത്രരോ അടിമകളോ? മൂന്നാം നൂറ്റാണ്ടിൽ പേർഷ്യയിൽ നിന്നുണ്ടായ സിറിയൻ അഭയാർത്ഥികളുടെ കുടിയേറ്റം മുതൽ പതിനെട്ടാം നൂറ്റാണ്ടു വരെയുള്ള വിദേശക്രിസ്ത്യാനികളുടെ ഇന്ത്യയിലേക്കുള്ള വരവും മാർത്തോമ ക്രിസ്ത്യാനികളുമായി ഉണ്ടായ അവരുടെ ബന്ധവും മലങ്കരസഭയുടെ ചരിത്രത്തിൽ മായാനാവാത്ത വടുവുകളും പൊറുക്കാൻ പറ്റാത്ത മുറിവുകളും സമന്വയിപ്പിക്കുവാൻ പറ്റാത്ത വിള്ളലുകളും നൽകിയിട്ടുണ്ടെന്നത് ആത്മാഭിമാനമുള്ള ഏതൊരു മാർത്തോമ മക്കൾക്കും ബോദ്ധ്യമുള്ള സത്യമാണ്. ഈ തിക്താനുഭവത്തിലേക്ക് മലങ്കരസഭാ മക്കളെ പിച്ചിച്ചീന്തി വലിച്ചെറിഞ്ഞ വിദേശക്രിസ്ത്യാനികളോട് ദൈവം പൊറുക്കുവാൻ നമുക്ക് പ്രാർത്ഥിക്കുകയേ തരമുള്ളു. ക്രൈസ്തവ വിശ്വാസത്തെ രാഷ്ട്രീയവത്കരിച്ചുള്ള വൈവിദ്ധ്യോപദേശങ്ങളുടെ പടക്കളമാക്കി മാറ്റി. ഈ ചെറിയ സഭയെ, ഇവരുടെ രാഷ്ട്രീയ പടയോട്ടങ്ങൾ ഭാരതമണ്ണിൽ ഇരമ്പിപ്പാഞ്ഞതിന് മൂകസാക്ഷിയായി നിന്ന മലങ്കര സഭാമക്കൾക്ക് നഷ്ടപ്പെട്ടതോ, തനിമയുടെയും സ്വാതന്ത്ര്യത്തിന്റെയും അവബോധവും.

1. സംസ്ക്കാരത്തിന്റെ ഉരകല്ലുകൾ

സ്ഥിതി സ്വാതന്ത്ര്യവും ജീവിതശൈലിയിലെ തനിമയും ഓരോ വ്യക്തിയുടെയും ജന്മാവകാശമാണ്. അതിന്മേൽ ആക്രമണം നടത്തുന്നവൻ അപരിഷ്കൃതനും വൈകാരിക സമനില തെറ്റിയവനുമാണ്. സ്ഥിതിസ്വാതന്ത്ര്യവും ജീവിതശൈലിയിലെ തനിമയും ബോദ്ധ്യപ്പെടുകയും അതിൽ അഭിമാനംകൊണ്ട് ജീവിതത്തിൽ അഭംഗുരം ആവിഷ്കരിക്കുവാൻ കഴിയുന്നതും ലക്ഷ്യബോധമുള്ള വിദ്യാഭ്യാസത്തിന്റെ പരിണതഫലമാകുന്നു. വൈദേശികമായതെന്തും കരതീർന്നതും അനുകരണീയമാണെന്നും സ്വദേശികമായതെന്തും വിലകുറഞ്ഞതും അവഗണിക്കപ്പെടേണ്ടതെന്നും ഉള്ള ചിന്ത സംസ്കാരശൂന്യതയുടെ പ്രതിഫലനമാണ്. ഭാരതത്തിലെ മതസാമുദായിക സാമൂഹ്യരംഗങ്ങൾ മാത്രമല്ല കലാസാംസ്കാരിക മണ്ഡലങ്ങളും ഈ അജ്ഞതയിൽനിന്ന് പരിപൂർണ്ണ സ്വതന്ത്രമെന്ന് പറയുവാനാവില്ല. വിദേശക്രിസ്തീയ സഭാവിശ്വാസങ്ങൾ കേരളത്തിൽ ചേക്കേറിയപ്പോഴെല്ലാം 'മിഷനറിവേല' എന്ന വ്യാജേന അവരുടെ ക്രിസ്തീയ പൈതൃകത്തിന് മാർത്തോമാ ക്രിസ്ത്യാനികളുടെ ഇടയിൽ കോളനികൾ സൃഷ്ടിച്ച് അവരുടെ വിശ്വാസതത്ത്വസംഹിതകളെ പ്രചരിപ്പിക്കുവാനുള്ള യുദ്ധഭൂമിയിൽ അവരെ പരസ്പരവൈരാഗ്യമുള്ളവരായി ചേരിതിരിച്ചു നിർത്തി ചൂഷണംചെയ്തു. ക്രിസ്തീയ വിശ്വാസത്തിലും ആരാധനാപാരമ്പര്യത്തിലും സ്വതന്ത്രമായ ആവിഷ്കാരത്തിന് മാർത്തോമയുടെ മക്കളെ പ്രാപ്തരാക്കുവാനുള്ള അദമ്യമായ ആഗ്രഹം മാത്രമായിരുന്നെങ്കിൽ അവരോട് ബദ്ധശത്രുത പുലർത്തുന്ന വിദേശസഭകളുടെ കോളനികളായി ഇവരെ മാറ്റുകയില്ലായിരുന്നു. അത് അന്നത്തെ സാഹചര്യമായിരുന്നുവെന്ന് പറഞ്ഞു തടിതപ്പുവാൻ നോക്കുന്നവർ അവരുടെ ക്രിസ്തീയ സ്നേഹത്തിന്റെ അന്തസത്ത പ്രതിക്കൂട്ടിലാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. അവിടെയാണ് ക്രിസ്തീയ വിശ്വാസത്തിന്റെ വികലമായ ഇറക്കുമതിക്ക് അവർ ഉത്തരവാദികളാകുന്നത്. മാർത്തോമയുടെ മക്കളുടെ, തനിമയിലുള്ള ആരാധനാശൈലിയെ രൂപപ്പെടുത്തുവാൻ വിദേശ ക്രിസ്ത്യാനികളായി ഇവിടെ വന്നവർ പരിശ്രമിച്ചിരുന്നുവെങ്കിൽ അവരുടെ ക്രിസ്തീയവിശ്വാസത്തിന്റെ നൈർമല്യം മനസ്സിലാക്കാമായിരുന്നു. നേരെ മറിച്ച് രാഷ്ട്രീയവൽക്കരിക്കപ്പെട്ട് വികലമാക്കപ്പെട്ട ഒരു ക്രിസ്തീയ ജീവിതശൈലിയുടെ ഉടമകളായിരുന്നു അവർ എന്നതിനാൽ അവർക്ക് അപരിഷ്കൃത യുഗങ്ങളിലെ റോമാസാമ്രാജ്യത്തിന്റെയും പേർഷ്യൻ സാമ്രാജ്യത്തിന്റെയും രാക്ഷസചിന്തയിൽ പൂരിതമായ കൊളോണിയലിസത്തിന്റെ വക്താക്കളാകാനേ കഴിഞ്ഞുള്ളു എന്നതിൽ അത്ഭുതത്തിന് അവകാശമില്ല. സ്വാതന്ത്ര്യബോധത്തിന്റെ കുറവും തനിമയുടെ അഭിമാനക്കുറവും ഭാരതത്തിലെ കുറെ ക്രിസ്ത്യാനികളിലെങ്കിലും ഫലപ്രദമായി കുത്തിവയ്ക്കുവാൻ അവർക്ക് കഴിഞ്ഞുവെന്നതിന്റെ ബാക്കിപത്രമാണല്ലോ ഇന്നത്തെ കേരളക്രിസ്ത്യാനികളുടെ അന്ത്യോഖ്യൻ ഭക്തിയും റോമാപ്രേമവും ആംഗ്ലിക്കൻ അഭിനിവേശവും. തലമറന്നെണ്ണ തേക്കുന്ന ഇവരെ സംസ്കാര സമ്പന്നരാക്കി അഭിമാനമുള്ള മാർത്തോമായുടെ മക്കളാക്കുവാൻ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിലേ ഇനി സാധിക്കൂവെന്ന് തോന്നുന്നു.



2. 'വിശ്വാസത്തിന്റെ കാര്യമോ?'

പാരതന്ത്ര്യത്തിന്റെ മയക്കുമരുന്നിനടിമപ്പെട്ടു കിടക്കുന്ന ഈ സംസ്കാരശൂന്യരുടെ ഇടയ്ക്കിടയ്ക്കുള്ള ജൽപ്പനങ്ങളാണ് 'വിശ്വാസത്തിന്റെ കാര്യം' എന്നുള്ളത്. ക്രിസ്തീയ വിശ്വാസപാരമ്പര്യത്തിന്റെ വേദപുസ്തകാടിസ്ഥാനംപോലും മനസ്സിലാക്കാതെ, ചില പ്രദേശത്തെ സഭകൾ മറ്റു പ്രദേശങ്ങളിലെ സഭകളുടെമേൽ ആധിപത്യം പുലർത്തണമെന്നും അത് സ്വീകരിച്ച് നടക്കുന്നതാണ് ക്രിസ്തീയവിശ്വാസമെന്നും പറയുന്ന ഇക്കൂട്ടർ അപ്പോസ്തോലന്മാരായ പത്രോസും പൗലോസും അവരുടെ ശിഷ്യന്മാരും സുവിശേഷത്താൽ ജനിപ്പിച്ചതായി വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്ന ഏതെങ്കിലും സഭ മറ്റൊരു സഭയുടെ മേൽ ഏതെങ്കിലും രീതിയിൽ കർത്തൃത്വം നടത്തിയതായി വായിച്ചിട്ടുണ്ടോ? സിറിയൻ സഭകളുടെ ജീർണ്ണാവസ്ഥയുടെ കാലഘട്ടത്തിൽ 5-ാം നൂറ്റാണ്ടിനുശേഷം മാത്രം റോമാസഭയിലുടലെടുത്ത, ആഗോളസഭയ്ക്കൊരു തലവൻ എന്ന ആശയം സ്വയം ഉൾക്കൊണ്ട് സിറിയൻ ഓർത്തഡോക്സ് ആരാധനാ പുസ്തകങ്ങളും മറ്റും രൂപാന്തരം വരുത്തുവാൻ, തങ്ങളുടെ നിലനിൽപ്പ് അപകടത്തിലായ സാഹചര്യത്തിൽ പ്രേരിതമായി എങ്കിൽ അത് സിറിയൻ ഓർത്തഡോക്സ് സഭകളുടെ പാരമ്പര്യമാണെന്ന് പറയുവാൻ ലജ്ജയില്ലാത്തതിൽ അവരുടെ നിലനിൽപ്പിന്റെ പരിഗണനയിൽ നമുക്ക് മാപ്പു കൊടുക്കാം. അതേ ആരാധനകളിൽ ഇതേ വിഷയത്തെ സംബന്ധിച്ച് ഓർത്തഡോക്സ് സഭകളുടെ ശരിയായ വേദശാസ്ത്രാടിസ്ഥാനത്തിലുള്ള പ്രാർത്ഥനകളാണ് ഭൂരിപക്ഷവും ഇതിൽ കാണുന്നതെന്ന് മനസ്സിലാക്കുവാനുള്ള അവരുടെ വൈമനസ്യവും നമുക്ക് സഹതാപപൂർവ്വം പരിഗണിക്കേണ്ടിയിരിക്കുന്നു. 'അമ്മയെ മറന്നാലും അന്ത്യോഖ്യായെ മറക്കാത്തത് സ്വന്തം അമ്മയുടെ പാൽ കുടിച്ചു വളർന്ന ശേഷം അമ്മയുടെ മുഖത്ത് കാർക്കിച്ചു തുപ്പുന്ന ജാരസന്തതികളായതുകൊണ്ടാണെന്നത് വിശ്വാസത്തിന്റെ കാര്യമല്ല. അമ്മയിലുള്ള അവിശ്വാസത്തിന്റെ കാര്യമാണ്. യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിന് സാക്ഷികളായ (അപ്പോ. 1:21, 22) പന്ത്രണ്ട് അപ്പോസ്തോലന്മാരിൽ ഒരാളായ തോമാശ്ലീഹായ്ക്ക് പട്ടത്വമില്ലായെന്ന് പറഞ്ഞത് വിശ്വാസത്തിന്റെ കാര്യമായി ഡയലോഗു നടത്തേണ്ട കാര്യമല്ല, അതെഴുതിയ ആളിന്റെ വിഡ്ഢിത്വവും ഭോഷത്വവുമായി സഹതാപപൂർവ്വം മനസ്സിലാക്കി അദ്ദേഹത്തിന് യേശുക്രിസ്തു പാപമോചനം കൊടുക്കുവാനും വി. പത്രോസ് ശ്ലീഹായുൾപ്പടെയുള്ള അപ്പോസ്തോലന്മാർ അദ്ദേഹത്തോടു ക്ഷമിക്കുവാൻ അദ്ദേഹത്തിനുവേണ്ടി നമുക്ക് ഇപ്പോൾ നടത്തുവാനുള്ള "ഞാൻ പിഴയാളി" പ്രാർത്ഥനയുടെ കാര്യമാണ്.

പത്രോസ് ശ്ലീഹായിൽകൂടി മാത്രമേ പട്ടത്വനൽവരമുള്ളു എന്ന് പറഞ്ഞതും വിശ്വാസത്തിന്റെ കാര്യമായി ചർച്ച ചെയ്യപ്പെടേണ്ട ഒന്നല്ല വേദപുസ്തകപാഠശാലയിലെ ഒന്നാം ക്ലാസ്സിൽ പോയി പഠിച്ച് പൗലോസ് ശ്ലീഹാ തീമോത്തിയോസിനും തീത്തോസിനും എപ്പേസൂസിലെ എപ്പിസ്കോപ്പന്മാർക്കുമൊക്കെ പട്ടം

കൊടുത്ത വേദഭാഗങ്ങൾ ഹൃദിസ്ഥമാക്കേണ്ട കാര്യമേയുള്ളു. പത്രോസിനെ സിംഹാസനമുള്ളു, തോമായ്ക്ക് സിംഹാസനമില്ല എന്നൊക്കെ അബദ്ധ വശാൽ പറഞ്ഞുപോകുന്നതുമൊന്നും വിശ്വാസത്തിന്റെ കാര്യമല്ല. പന്ത്രണ്ടു ശ്ലീഹന്മാർക്കുമുള്ള പന്ത്രണ്ടു സിംഹാസനങ്ങളെക്കുറിച്ച് യേശുക്രിസ്തു പറഞ്ഞ ഭാഗം വായിച്ചു മനസ്സിലാക്കാനുള്ള ത്രാണിക്കുറവും വേദപുസ്തകത്തിലോ ആദിമസഭാചരിത്രത്തിലോ ഒരു ശ്ലീഹായും ഒരിടത്തും സിംഹാസനം സ്ഥാപിച്ച പ്രഖ്യാപനം ഉണ്ടായിട്ടില്ലെന്നുള്ള ചരിത്രാവബോധത്തിന്റെ കുറവു മാത്രമാണ്.

3. 'ആകമാന (സുറിയാനി) സഭ'

റോമൻ കത്തോലിക്കാസഭ അഞ്ചാം നൂറ്റാണ്ടിൽ പോപ്പ് ലിയോ ഒന്നാമനോടുകൂടി രൂപംകൊടുത്ത ഒരു അബദ്ധോപദേശമാണ് ആകമാനസഭ (Universal Church) എന്നത്. ആസഭ യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാരിൽ പ്രധാനിയായിരുന്ന പത്രോസ് ശ്ലീഹായുടെ പിൻഗാമിയാണ് റോമിലെ ബിഷപ്പായ പോപ്പ് എന്നും അദ്ദേഹം ലോകത്തിലുള്ള എല്ലാ പ്രാദേശിക ക്രിസ്തീയ സഭകളുടെയും ആകെത്തുകയായ 'ആകമാനസഭ' (Universal Church) യുടെ ആകമാന ഇടയനാ (Universal Pastor) ണെന്നുമുള്ള വാദഗതിയുമായി മുന്നോട്ടുവന്നു. പൗരസ്ത്യസഭകൾ അന്നുമുതൽ ഇന്നുവരെ ഈ വാദഗതി വേദവിപരീതമായി കണക്കാക്കി തള്ളിക്കളഞ്ഞിട്ടുണ്ട്. റോമൻ കത്തോലിക്കാസഭയോടു റീത്തുകളായി ചേർന്ന പൗരസ്ത്യർ ഇതു അംഗീകരിക്കേണ്ടിവരുന്നത് സ്വാഭാവികമാണല്ലോ.

മേൽപ്പറഞ്ഞ റോമൻ കത്തോലിക്കാവേദശാസ്ത്ര വ്യാഖ്യാനത്തിന്റെ ചുവടുപിടിച്ച് പത്രോസിന്റെ ആകമാന സുറിയാനിസഭ (Universal Syrian Church) എന്നൊരു പുതിയ വാദഗതി അന്ത്യോഖ്യാപാത്രിയർക്കീസ് പ്രധാനമേലദ്ധ്യക്ഷനായുള്ള സിറിയയിലെ ഓർത്തഡോക്സ് സഭ (യാക്കോബായ) പുലർത്തിവരുന്നുണ്ട്. ഇത് ഓർത്തഡോക്സ് സഭകളുടെ വേദശാസ്ത്രത്തിനോ പാരമ്പര്യത്തിനോ യോജിക്കാത്തതായതിനാൽ ലോകത്തിലെ ഒരു ഓർത്തഡോക്സ് സഭയും ഈ വാദഗതിക്ക് അനുകൂലമല്ല.

എന്നാൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണഘടനയിൽ ഒന്നാം വകുപ്പിൽ 'അന്ത്യോഖ്യാപാത്രിയർക്കീസ്' ആകമാന സുറിയാനിസഭയുടെ പരമാദ്ധ്യക്ഷനാണെന്ന് പറഞ്ഞിട്ടുണ്ട് എന്ന് ചരിത്രവും വേദശാസ്ത്രവുമൊക്കെ അറിയാമെന്നു നടിക്കുന്ന പലരും ചില അഭിഭാഷകർപോലും എഴുതിപ്പിടിച്ചിരിക്കുന്നതു വായിക്കുമ്പോൾ സഭാഭരണഘടനയെക്കുറിച്ചുള്ള അവരുടെ അജ്ഞതയിൽ പരിതപിക്കുകയേ സാധിക്കൂ. 1934-ൽ പാസ്സാക്കിയതും കാലാകാലങ്ങളിൽ ഭേദഗതി വരുത്തിയിട്ടുള്ളതും ബഹു. ഇൻഡ്യൻ സുപ്രീംകോടതി സാദ്ധ്യതയുള്ളതായി അംഗീകരിച്ചിരിക്കുന്നതുമായ മലങ്കര സഭാ ഭരണഘടനയിൽ 'ആകമാന സുറിയാനിസഭ'യെന്നോ (Universal Syrian Church) പരമാദ്ധ്യക്ഷനെന്നോ (Supreme head) ഉള്ള വാക്കുകളില്ല. എന്നാൽ ഭരണഘടനയുടെ 108-ാം വകുപ്പിൽ 'ആകമാനസുന്നഹദോസ്' (Ecumenical Synod) എന്ന വാക്കുകൊണ്ട് വിവക്ഷിച്ചിരിക്കുന്നത് വിശ്വാസകാര്യങ്ങളെ ഭേദപ്പെടുത്തുവാനുള്ള അവസാന തീരുമാനം നിഖ്യാ (എ. ഡി. 325), കുസ്തന്തീനോപോലീസ് (എ. ഡി. 381), എഫേസൂസ് (എ. ഡി. 431) എന്നീ സുന്നഹദോസുകളെപ്പോലെ വിശ്വാസ ഐക്യത്തിലുള്ള സഭകളുടെ സംയോജിച്ചുള്ള സുന്നഹദോസിനെ സംബന്ധിച്ച് മാത്രമാണ്. ഓർത്തഡോക്സ് സഭയുടെ വേദശാസ്ത്രമനുസരിച്ച് ഒരു എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിലുള്ള ഒരു പ്രാദേശികസഭ (Local Church) അതിൽത്തന്നെ, സഭയുടെ എല്ലാ അടിസ്ഥാനതത്വങ്ങളും ഉൾക്കൊണ്ടിരിക്കുന്നതിനാൽ അത് ഒരു കാതോലികസഭയാണ്. 'കാതോലികം' എന്ന ഗ്രീക്കുവാക്ക് (Katholiki) റോമാസഭ 'കത്തോലിക്കാ' എന്ന പദത്തിൽകൂടി പ്രാദേശികസഭകളുടെ ആകെത്തുകയാകുന്ന സാർവത്രികസഭ (Universal Church) യെന്ന് ആഗോളപരിമാണത്തിൽ (Quantitative) വിവക്ഷിക്കുമ്പോൾ ഓർത്തഡോക്സ് സഭകൾ എല്ലാ പ്രാദേശികസഭകളും കാതോലിക സഭകളാണ് എന്നത് സഭയുടെ ഗുണസവിശേഷതകളുടെ (Qualitative) അടിസ്ഥാനത്തിൽ ആണ് ചിന്തിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ആഗോളവ്യാപകമായ മാനത്തിലല്ല സഭയെ നാം കാണുന്നത്, പ്രത്യുത പ്രാദേശിക മാനത്തിൽകൂടി മാത്രമല്ലെന്ന് ആയതിനാൽ 'ആകമാന സുറിയാനിസഭ'യെന്ന പദപ്രയോഗം ഭരണഘടനാനുസൃതമോ ഓർത്തഡോക്സ് വേദാനുസരണമോ ഉള്ളതല്ല.

4. പരമാദ്ധ്യക്ഷനും പ്രധാന മേലദ്ധ്യക്ഷനും

റോമൻ കത്തോലിക്കാസഭയിലെ അംഗങ്ങൾ അവരുടെ റോമിലെ പാപ്പായെ ആകമാന കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ (Supreme head of the Universal Catholic Church) എന്ന് നാമകരണം ചെയ്യാറുണ്ട്. ഇത് അവർ അവലംബിച്ചുവരുന്ന സഭാവിജ്ഞാനീയ പശ്ചാത്തലത്തിലുള്ള സംജ്ഞയാണ്. എന്നാൽ ഓർത്തഡോക്സ് സഭകൾ ഇത് അംഗീകരിക്കുന്നില്ല. സഭയുടെ പരമാദ്ധ്യക്ഷൻ യേശുക്രിസ്തുവാണെന്നുള്ള അടിസ്ഥാനതത്ത്വത്തിൽ ഓർത്തഡോക്സ് സഭകൾ ഉറച്ചുനിൽക്കുന്നു.

ദൃശ്യസഭയെന്നും അദൃശ്യസഭയെന്നും (Visible Church & Invisible Church) സഭയ്ക്ക് രണ്ടു ഭാഗങ്ങളുണ്ടെന്നും ഇതിൽ അദൃശ്യസഭയുടെ പരമാദ്ധ്യക്ഷൻ യേശുക്രിസ്തുവാകുന്നതുപോലെ ദൃശ്യസഭയുടെ പരമാദ്ധ്യക്ഷൻ റോമാപാപ്പായാണെന്ന് അവർ പഠിപ്പിക്കുന്നു. എന്നാൽ സഭ ഒന്നാണെന്നും അതിൽ ദൃശ്യസഭയെന്നും അദൃശ്യസഭയെന്നും രണ്ടു ഭാഗങ്ങളില്ലെന്നും വാങ്ങിപ്പോയവരും ജീവനുള്ളവരും ഒരുമിച്ചു സജീവരായി തുടരുന്ന ഏകസഭയുടെ പരമാദ്ധ്യക്ഷൻ യേശുക്രിസ്തുവാണെന്നുമാണ് ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നത്. ഒരു പ്രാദേശികസഭയുടെ മേലദ്ധ്യക്ഷൻ ഒരു എപ്പിസ്കോപ്പായാണ്. ഒരേ വിശ്വാസ പാരമ്പര്യമുള്ള പ്രാദേശിക സഭകളുടെ മേലദ്ധ്യക്ഷന്മാർ ഒരുമിച്ചുകൂടുന്നതാണ് പ്രാദേശിക സുന്നഹദോസ്. അതിന്റെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുന്ന പ്രധാന മേലദ്ധ്യക്ഷനെ (Primate) കാതോലിക്കായെന്നോ പാത്രിയർക്കീസെന്നോ അതാതുസഭകളുടെ പാരമ്പര്യമനുസരിച്ച് വിളിക്കുന്നു. ആ പ്രധാന മേലദ്ധ്യക്ഷനോടൊപ്പം മറ്റു പ്രധാന മേലദ്ധ്യക്ഷൻമാരും ഉൾപ്പെടുന്നു. പ്രാദേശിക സഭകളുടെ സംസർഗ്ഗിക കൂട്ടത്തിനെ (Community) ഒരു പ്രത്യേക സഭ (Particular Church) എന്ന് സൗകര്യാർത്ഥം വിളിക്കാവുന്നതാണ്. മലങ്കര ഓർത്തഡോക്സ് സഭ, അർമ്മീനിയൻ ഓർത്തഡോക്സ് സഭ, എത്യോപ്യൻ ഓർത്തഡോക്സ് സഭ, കോപ്റ്റിക് ഓർത്തഡോക്സ് സഭ, അന്ത്യോഖ്യൻ ഓർത്തഡോക്സ് സഭ എന്നിവ ഇപ്രകാരമുള്ള പ്രത്യേക സഭകളാണ്. ഇവയ്ക്കെല്ലാം വ്യതിരിക്തമായ (distinctive) ആരാധനാപാരമ്പര്യങ്ങളുണ്ട്. അടിസ്ഥാനവിശ്വാസ പാരമ്പര്യത്തിൽ ഇവയെല്ലാം ഏക സ്വഭാവമുള്ളതും പരസ്പര

1934 ഭരണഘടന അനുസരിച്ചു മാത്രമേ മലങ്കര സഭയുടെ പള്ളികൾ ഭരിക്കപ്പെടാൻ സാധിക്കുകയുള്ളു എന്ന് ഹൈക്കോടതി

കൊച്ചി: മലങ്കര ഓർത്തഡോക്സ് സഭയുടെ ഒൻപത് പള്ളികളുടെ പോലീസ് പ്രൊട്ടക്ഷൻ കേസ് ഹൈക്കോടതി പരിഗണിച്ചു. 1934 ഭരണഘടന അനുസരിച്ചു മാത്രമേ മലങ്കര സഭയുടെ പള്ളികൾ ഭരിക്കപ്പെടാൻ സാധിക്കുകയുള്ളു എന്നും, ഒരു പള്ളിക്കും മലങ്കര സഭയുടെ ഭരണഘടന ഒഴിവാക്കാൻ പറ്റുകയില്ലെന്നും കോടതി ആവർത്തിച്ചു.

ഒരു ദൈവാലയത്തിലെ വിഷയത്തിൽ കോടതി വിധി നടപ്പാക്കാൻ പോലീസിന്റെ സഹായം ആവശ്യമില്ലെന്ന ബോധ്യം കോടതിക്കുണ്ടെങ്കിലും, കോടതി വിധി നടപ്പാക്കാത്ത വിധത്തിലുള്ള പ്രവർത്തികൾ ഉണ്ടായാൽ കോടതിയുടെ ശക്തമായ ഇടപെടീൽ ഉണ്ടാകുമെന്നും ഓർമ്മിപ്പിച്ചു. കോടതിയെയും കോടതി വിധികളെയും ധിക്കരിച്ചു കോടതിയെ പരീക്ഷിക്കരുതെന്ന് ഏവരെയും ഓർമ്മിപ്പിച്ചു.

മലങ്കര സഭയുടെ എല്ലാ പള്ളികളും 2017 ജൂലൈ 3 സുപ്രീംകോടതി വിധി പ്രകാരം മലങ്കരസഭാ ഭരണഘടന അനുസരിച്ചു നേതൃത്വം നൽകുന്നത് മലങ്കര സഭയുടെ വികാരിയും ഭരണ സമിതിയുമാണെന്നും മലങ്കര സഭയുടെ ഭരണഘടന അംഗീകരിക്കുന്ന വിശ്വാസികൾ മാത്രമേ ഇടവകയുടെ ഭാഗമാകുകയുള്ളുവെന്നും കോടതി പറഞ്ഞു.

അന്തിമവാദം പൂർത്തീകരിച്ചു അന്തിമ വിധി പറയാൻ ഒക്ടോബർ 26-ന് കേസ് വീണ്ടും പരിഗണിക്കും. അത് വരെ ലിസ്റ്റിലുള്ള എല്ലാ പള്ളികൾക്കും പോലീസ് സംരക്ഷണം കൊടുക്കുവാനും, പള്ളികൾക്കു നശീകരണം ഉണ്ടാകാതെ സംരക്ഷണം ഏർപ്പെടുത്താൻ പോലീസിനോടും ആവശ്യപെട്ടിട്ടുണ്ട്. സുപ്രീംകോടതി വിധിയും സഭാഭരണഘടനയും മലങ്കര സുറിയാനി സഭ അസ്സോസിയേഷനിലുള്ള എല്ലാ പള്ളികളിലും ബാധകമാണെന്നു കോടതി നിരീക്ഷിച്ചു.

കുർബ്ബാന ഐക്യം നിലനിർത്തുന്നവയുമാണ്. ഇവയിൽ മലങ്കര സഭയുടെയും അർമ്മീനിയൻ സഭയുടെയും പ്രധാന മേലദ്ധ്യക്ഷന്മാരെ കാതോലിക്കാ എന്നും എത്യോപ്യൻ, കോപ്റ്റിക്, അന്ത്യോഖ്യൻ സഭകളുടെ പ്രധാന മേലദ്ധ്യക്ഷന്മാരെ പാത്രിയർക്കീസെന്നും വിളിക്കുന്നു. അർമ്മീനിയൻ സഭയിൽ കാതോലിക്കായുടെ കീഴിൽ രണ്ടു വലിയ പ്രദേശങ്ങളുടെ തലവൻമാരായി പാത്രിയർക്കീസന്മാരുണ്ട്. കൂടാതെ അവർക്ക് മറ്റൊരു ഉപകാതോലിക്കായുമുണ്ട്. എങ്കിലും അർമ്മീനിയൻ കാതോലിക്കാ (എച്ച്മിയാഡ്സിൻ) യാണ് അർമ്മീനിയൻ സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ.

5. മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ

മേൽവിവരിച്ച സഭാവിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിൽ മലങ്കരസഭയുടെ ഭരണഘടന ക്രോഡീകരിക്കപ്പെട്ടിരിക്കുന്നു.

ഒന്നാംവകുപ്പ്: മലങ്കരസഭ-ഓർത്തഡോക്സ് സുറിയാനിസഭയുടെ ഒരു വിഭാഗവും (division) ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ (Primate) അന്ത്യോഖ്യാ പാത്രിയർക്കീസും ആകുന്നു.

രണ്ടാംവകുപ്പ്: "മലങ്കരസഭ-മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതും പൗരസ്ത്യഓർത്തഡോക്സ് സുറിയാനി സഭയിൽ ഉൾപ്പെട്ടതും പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്കായും ആകുന്നു."

മേൽ കാണിച്ചിരിക്കുന്ന രണ്ടുവകുപ്പുകളും വിശദമാക്കുവാൻ അതിന്റെ പശ്ചാത്തലചരിത്രം അറിയേണ്ടതാണ്.

6. പാശ്ചാത്യ-പൗരസ്ത്യ സുറിയാനി രൂപങ്ങൾ

യേശുക്രിസ്തുവിന്റെ കാലത്തുതന്നെ പലസ്തീൻ നാട്ടിൽ അറമായ ഭാഷയിൽനിന്ന് ഉടലെടുത്ത മറ്റൊരു ഭാഷാരൂപമായിരുന്നു സുറിയാനി. ആദ്യകാലങ്ങളിൽ ചതുരവടിയിൽ എഴുതപ്പെട്ടിരുന്ന, എബ്രായ ഭാഷയോടു വളരെ സാമ്യമുണ്ടായിരുന്ന, സുറിയാനി ഭാഷാരൂപം പിൽക്കാലത്ത് ഒഴുക്കനായി എഴുതപ്പെട്ടു. ഇതിന്ന് എസ്ട്രാംഗേല സുറിയാനി (Estrangela) എന്ന് പറയപ്പെടുന്നു. ആദ്യ നാലു നൂറ്റാണ്ടുകളിലും ഇപ്രകാരമാണ് നിലനിന്നിരുന്നത്. സുറിയാനി ഭാഷ സംസാരിക്കുന്നവർ യൂഫ്രട്ടീസ്-തൈഗ്രീസ് നദികളുടെ പടിഞ്ഞാറും കിഴക്കും തീരങ്ങളിൽ താമസിച്ചുവരവേ റോമാ സാമ്രാജ്യവും പേർഷ്യൻ സാമ്രാജ്യവുമായുള്ള യുദ്ധങ്ങൾ ഉണ്ടാവുകയും നദികളുടെ പടിഞ്ഞാറുഭാഗം മുഴുവൻ റോമാസാമ്രാജ്യത്തിന്റെ നിയന്ത്രണത്തിലും കിഴക്കുഭാഗം പേർഷ്യാ സാമ്രാജ്യത്തിന്റെ നിയന്ത്രണത്തിലും ആയിത്തീർന്നു. ഈ അവസ്ഥ എ. ഡി. 8-ാം നൂറ്റാണ്ടുവരെ തുടർന്നു. ഇക്കാലഘട്ടത്തിൽ റോമാസാമ്രാജ്യത്തിനുള്ളിലുള്ള സുറിയാനിക്കാർ അന്നത്തെ പ്രബല ഭാഷയായിരുന്ന ഗ്രീക്കിൽനിന്നും സ്വരം കടമെടുത്ത് സുറിയാനിഭാഷ വികസിപ്പിച്ചെടുത്തു. ഉച്ചാരണത്തിലും എഴുത്തു രൂപത്തിലും കാര്യമായ വ്യത്യാസങ്ങൾ വരുത്തി. വ്യാകരണം അതേപടി തുടർന്നു. പേർഷ്യൻ സാമ്രാജ്യാതിർത്തിയിലുണ്ടായിരുന്ന കിഴക്കുഭാഗത്തെ സുറിയാനിക്കാർ ചതുരവടിവിലുള്ള എഴുത്തും അക്ഷരങ്ങൾക്ക് മുകളിലും താഴെയുമായി വ്യത്യസ്തമായ കുത്തുകളിട്ട് സ്വരങ്ങൾ രേഖപ്പെടുത്തി, ഉച്ചാരണത്തിലും എഴുത്തിലും വ്യത്യാസങ്ങൾ വരുത്തി ഉപയോഗിച്ചു. ഇവരും വ്യാകരണത്തിൽ മാറ്റം വരുത്തിയില്ല. ഇപ്രകാരം റോമാസാമ്രാജ്യത്തിൽ ഒരു പാശ്ചാത്യ സുറിയാനി രൂപവും പേർഷ്യാസാമ്രാജ്യത്തിൽ ഒരു പൗരസ്ത്യ സുറിയാനി രൂപവും നിലവിൽവന്നു. സാമ്രാജ്യങ്ങൾ തമ്മിലുണ്ടായിരുന്ന ശത്രുത നിമിത്തം ഇവർ തമ്മിലും ആശയസംവേദനങ്ങൾ പരിമിതപ്പെട്ടു. ഈ പ്രദേശങ്ങളിലുള്ള സഭാ പാരമ്പര്യങ്ങളും ഇപ്രകാരം സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലത്തിൽ വ്യതിരിക്ത സ്വഭാവങ്ങളുള്ളതായി.

7. പാശ്ചാത്യ-പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭകൾ

റോമാസാമ്രാജ്യത്തിലുണ്ടായിരുന്ന പാശ്ചാത്യ സുറിയാനി സഭ ഗ്രീക്ക് - ലത്തീൻ സഭകളുമായുള്ള ബന്ധത്തിൽ അഞ്ചാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം വരെ ആരാധനാപാരമ്പര്യം രൂപപ്പെടുത്തുകയും മറ്റു സഭകളോട് വിശ്വാസപരമായ സാധർമ്മ്യം പുലർത്തുകയും ചെയ്തു. കൽക്കിദോൻ സുന്നഹദോസിനു ശേഷം റോമ്മാ സാമ്രാജ്യത്തിൽ അന്ത്യോഖ്യൻ സുറിയാനി സഭയിൽ ഭിന്നത ഉണ്ടായി. കുസ്തന്തീനോപോലീസ്-റോമാ പാത്രിയർക്കേറ്റുകൾ കൽക്കിദോൻ സുന്നഹദോസിന് അനുകൂലമായി നിലപാടെടുത്തപ്പോൾ അന്ത്യോഖ്യാ-ഈ ഗുപ്തായസഭകൾ അതിനോട് എതിർത്തുനിന്നു. എന്നാൽ അന്ത്യോഖ്യൻ സുറിയാനി സഭയിൽ കൽക്കിദോൻ സുന്നഹദോസിന്റെ അനുകൂലികളുണ്ടായിരുന്നതിനാൽ അവർക്ക് കുസ്തന്തീനോപ്പോലീസിലെ ഗ്രീക്കുസഭയുടെ സഹായം ലഭിച്ചിരുന്നു. അപ്രകാരം ഗ്രീക്ക്-സുറിയാനി സഭാ പാരമ്പര്യങ്ങൾ കൽക്കിദോന്യരും കൽക്കിദോന്യ ഇതരരും എന്ന നിലയിൽ അന്ത്യോഖ്യ സഭ പിളർന്നു. ഈ പിളർപ്പ് ഇന്നും അവിടെ തുടരുന്നു.



എന്നാൽ റോമ്മൻ സാമ്രാജ്യത്തിൽ നിന്നാൽ കൽക്കിദോനെ അംഗീകരിക്കേണ്ടിവരുമെന്നുള്ളതിനാൽ കൽക്കിദോനെ എതിർത്ത ഏതാനും നെസ്തോറിയ പക്ഷക്കാർ പേർഷ്യൻ സാമ്രാജ്യത്തിലേക്കു പാലായനം ചെയ്തു. ഇവർ പേർഷ്യയിലെ നിസിബിസ്, സെലൂക്യ-സ്റ്റെസിഫോൺ പ്രദേശങ്ങൾ കേന്ദ്രമാക്കി നെസ്തോറിയ വിശ്വാസം പ്രചരിപ്പിച്ചു. എന്നാൽ പൗരസ്ത്യ സുറിയാനിക്കാരിൽ കുറേപ്പേർ ഇതിനെ എതിർത്തു. നെസ്തോറിയ വിശ്വാസം എതിർത്തും കൽക്കിദോനെ എതിർത്തും ഇക്കൂട്ടർ പേർഷ്യാസാമ്രാജ്യത്തിൽ നിന്നു. കൽക്കിദോനെ എതിർത്തവരായി പാശ്ചാത്യസുറിയാനി സഭയിലുണ്ടായിരുന്നവരും പൗരസ്ത്യ സുറിയാനി സഭയിലുണ്ടായിരുന്നവരും പരസ്പരം ബന്ധം പുലർത്തി വന്നു. പാശ്ചാത്യ ഓർത്തഡോക്സ് സുറിയാനി സഭയെന്നും പൗരസ്ത്യ ഓർത്തഡോക്സ് സഭയെന്നും ഇവർ അറിയപ്പെട്ടു. പാശ്ചാത്യ സുറിയാനി സഭയ്ക്ക് അന്ത്യോഖ്യയിലെ ഒരു പ്രധാന മേലദ്ധ്യക്ഷനായി പാത്രിയർക്കീസ് ഉണ്ടായിരുന്നതുപോലെ പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് തെഗ്രീസിൽ പ്രധാന മേലദ്ധ്യക്ഷനായി ഒരു കാതോലിക്കായും ഉണ്ടായിരുന്നു. പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭാംഗങ്ങൾ താരതമ്യേന കുറവായിരുന്നതിനാൽ പല കാര്യങ്ങളിലും അന്ത്യോഖ്യൻ പാശ്ചാത്യ സുറിയാനി സഭയെ ആശ്രയിക്കേണ്ടിവന്നിരുന്നു. ആയതിനാൽ അന്ത്യോഖ്യയിലെ പാശ്ചാത്യ സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായിരുന്ന അന്ത്യോഖ്യ പാത്രിയർക്കീസിനെ പാശ്ചാത്യ-പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭകളുടെ പ്രധാന മേലദ്ധ്യക്ഷനായി പൗരസ്ത്യർ കണക്കാക്കി ബഹുമാനിച്ചിരുന്നു. പൗരസ്ത്യർ നൽകിയിരുന്ന ഈ ബഹുമാനം പാശ്ചാത്യരുടെ ചില പാത്രിയർക്കീസന്മാർ ദുരുപയോഗപ്പെടുത്തി ആധിപത്യം സ്ഥാപിക്കുവാൻ ശ്രമിച്ചപ്പോഴൊക്കെ പൗരസ്ത്യ സുറിയാനി സഭയും പാശ്ചാത്യ സുറിയാനി സഭയും തമ്മിൽ ഭിന്നതകൾ ഉണ്ടായിട്ടുണ്ട്.

8. സഭയുടെ പാശ്ചാത്യ സുറിയാനി ബന്ധം:

നാലാം നൂറ്റാണ്ടിൽ പേർഷ്യയിലെ സാപ്പോർ ദ്വിതീയൻ ചക്രവർത്തിയുടെ പീഡനത്തെ ഭയന്ന് അഭയാർത്ഥികളായി മലങ്കരയിലെ കൊടുങ്ങല്ലൂരു വന്ന് കുടിയേറിപ്പാർത്ത പേർഷ്യൻ സുറിയാനിക്കാരുടെ പിറകെ മറ്റനേകരും വന്നുകൂടി. ഇവരിൽ വൈദികരും മേലദ്ധ്യക്ഷന്മാരും ഉണ്ടായിരുന്നു. മലങ്കര നസ്രാണികൾ അവരെ സ്വീകരിച്ച് അവരുടെ സുറിയാനി ആരാധനാപാരമ്പര്യങ്ങൾ ഉൾക്കൊണ്ടു. പേർഷ്യൻ സുറിയാനി ക്രിസ്ത്യാനികളിലെ നെസ്തോറിയ പക്ഷക്കാരാണെന്ന് മനസ്സിലാക്കാതെ അവരുടെ ആരാധനാപാരമ്പര്യം സത്യവിശ്വാ



സമായി കണക്കാക്കി മലങ്കരയിലെ നസ്രാണികൾ സ്വീകരിച്ചുപോന്നു. എന്നാൽ റോമൻ കത്തോലിക്കാ മിഷനറിമാർ മലങ്കര നസ്രാണികളുടെ ആരാധനാ പാരമ്പര്യങ്ങൾ നശിപ്പിച്ച് ലത്തീൻ ആരാധനാപാരമ്പര്യം അടിച്ചേൽപ്പിച്ചപ്പോൾ അതിനെതിരേ കൂനൻകുരിശു സത്യം (1653) നടത്തി സുറിയാനി സത്യവിശ്വാസ പാരമ്പര്യം വീണ്ടെടുക്കുവാനും പോർട്ടുഗീസ് മിഷനറിമാരുടെ ലത്തീനീകരണ (latinisation) ത്തിൽനിന്ന് രക്ഷപ്രാപിക്കുവാനുമായി മലങ്കര നസ്രാണികൾ ഈഗുപ്തായ ബാബിലോണിയ, അന്ത്യോക്യാ പാത്രിയർക്കീസന്മാരോട് സഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷകളയച്ചു. അതിന്റെ ഫലമായി യേരുശലേമിൽനിന്ന് പാശ്ചാത്യ സുറിയാനി സഭാപാരമ്പര്യമുള്ള മാർ ഗ്രിഗോറിയോസ് മലങ്കരയിൽ 1665-ൽ എത്തുകയും ഇപ്രകാരം മലങ്കരസഭയിൽ പാശ്ചാത്യ ഓർത്തഡോക്സ് സുറിയാനി സഭാപാരമ്പര്യം സമാരംഭിക്കുകയും ചെയ്തു. കൽക്കിദോന്യ ഇതരമായ ഒരു സത്യവിശ്വാസ പാരമ്പര്യം നിലനിർത്തുന്നതിനും റോമൻ കത്തോലിക്കാ സഭാ പാരമ്പര്യത്തിൽനിന്ന് സ്വതന്ത്രമായ ഒരു സഭാപാരമ്പര്യം ഇവിടെ തുടരുന്നതിനും മാർ ഗ്രിഗോറിയോസിന്റെ ആഗമനവും തുടർന്നുള്ള ബന്ധങ്ങളും പ്രയോജനപ്പെട്ടു എന്നുള്ളതിൽ ഭൂരിപക്ഷം മലങ്കര നസ്രാണികളും പാശ്ചാത്യ ഓർത്തഡോക്സ് സുറിയാനി സഭാപാരമ്പര്യത്തോട് കടപ്പെട്ടവരാണ്. എന്നാൽ ഈ ബന്ധത്തിന്റെ ഫലമായി മലങ്കര സഭ അനുഭവിക്കേണ്ടിവന്ന തിക്താനുഭവങ്ങളുടെ വെളിച്ചത്തിൽ ഇന്ന് മലങ്കര സഭാംഗങ്ങളുടെ മനസ്സിൽ ഈ ബഹുമാനത്തിന് കുറവു വന്നുപോയിട്ടുണ്ട്.

9. പൗരസ്ത്യ കാതോലിക്കാസ്ഥാപനം മലങ്കരയിൽ

കൽക്കിദോന്യ ഇതരമായ പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭാ പാരമ്പര്യം 13-ാം നൂറ്റാണ്ടിൽ അതിന്റെ കാതോലിക്ക ആയിരുന്ന ബാർ എബ്രായുടെ കാലത്തിനുശേഷം വൈധവ്യം പ്രാപിച്ചു. പതിനെട്ടാം നൂറ്റാണ്ടോടുകൂടി കാതോലിക്കാമാർ ഇല്ലാതായി. ഇക്കാലഘട്ടത്തിനു ശേഷം പേർഷ്യയിൽനിന്ന് മലങ്കരയിലേക്കു വന്നിട്ടുള്ള എല്ലാ മെത്രാന്മാരും നെസ്തോറിയരായിരുന്നു എന്നത് തർക്കമില്ലാത്ത കാര്യമാണ്. മലങ്കര സഭയ്ക്ക് ഒരു സ്വതന്ത്രമായ ആരംഭമുണ്ടെങ്കിലും സ്വതന്ത്രമായ ഒരു എപ്പിസ്കോപ്പൻ ഭരണം കൂടി അതിന്റെ തനിമയിൽ ഉണ്ടാവണമെന്നുള്ളത് മറ്റെന്നത്തേക്കാളുമുപരി പോർട്ടുഗീസ് മിഷനറിമാരുടെ കാലത്തും അതിനുശേഷം അന്ത്യോക്യൻ പാത്രിയർക്കീസന്മാരുടെ കാലത്തും മലങ്കരസഭാമക്കൾ ആഗ്രഹിച്ചിട്ടുള്ളതാണ്. പേർഷ്യൻ സുറിയാനി പാരമ്പര്യം നാലാം നൂറ്റാണ്ടിൽ ഇവിടെ വന്ന് ആധിപത്യം സ്ഥാപിച്ചതോടെ മാർതോമ്മാ ക്രിസ്ത്യാനികളുടെ ആരാധനാപാരമ്പര്യം അപ്രത്യക്ഷമായതാണ്. തോമ്മായുടെ മാർഗ്ഗം പുരാതന മലങ്കര നസ്രാണികളുടെ ആരാധനാ ജീവിതശൈലിയായിരുന്നുവെന്ന് പരക്കെ സമ്മതിച്ചിട്ടുള്ളതാണ്.

അബ്ദേദ് മശിഹാ പാത്രിയർക്കീസ് 1912-ൽ നടത്തിയ മലങ്കര സഭയിലെ പൗരസ്ത്യ കാതോലിക്കാ പുനഃസ്ഥാപന പ്രഖ്യാപനം മൂലം മലങ്കരസഭാമക്കളുടെ ചിരകാലാഭിലാഷം പൂർത്തീകരിക്കപ്പെട്ടു. മലങ്കര സഭയ്ക്ക് തനതായ ഒരു മേലദ്ധ്യക്ഷന്റെ (കാതോലിക്കോസ്) പ്രഖ്യാപനം ഉണ്ടായാൽ മതിയായിരുന്നു. കാരണം അത് യാതൊരു വിദേശസഭയുടെയും ഭാഗമായിരുന്നില്ലല്ലോ. എന്നാൽ ഇവിടെ പാശ്ചാത്യ ഓർത്തഡോക്സ് സുറിയാനി സഭാപാരമ്പര്യം നിലനിൽക്കെത്തന്നെ അവിടുത്തെ പ്രധാന മേലദ്ധ്യക്ഷനായ പാത്രിയർക്കീസിന്റെ തുല്യ അധികാരമുള്ള ഒരു കാതോലിക്കേറ്റ് പൗരസ്ത്യ ദേശത്ത് (പേർഷ്യയിൽ) നിലനിന്നിരുന്നതിനാലും വൈധവ്യം പ്രാപിച്ചുപോയതും മലങ്കരസഭ പൗരസ്ത്യദേശത്തുള്ള ഒരു ഓർത്തഡോക്സ് സുറിയാനി പാരമ്പര്യമുള്ള സഭയായതിനാലും അന്ത്യോഖ്യാ പാത്രിയർക്കീസായ അബ്ദേദ് മശിഹാ മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെയും തനിമയെയും കരുതി പൗരസ്ത്യ കാതോലിക്കാ എന്ന് മലങ്കര സഭയുടെ പ്രധാന മേലദ്ധ്യക്ഷന് സംജ്ഞ നൽകി ആദരിച്ചു. മലങ്കരസഭയുടെ കാതോലിക്കാ എന്ന് പറഞ്ഞിരുന്നെങ്കിലും മതിയായിരുന്നു. കാരണം ഇവിടെ സ്വതന്ത്രമായ ഒരു സഭ മാർത്തോമ്മാശ്ലീഹായുടെ കാലം മുതൽ നിലനിൽക്കുന്നതാണ്.

10. അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരയുമായുള്ള ബന്ധം

മേൽവിവരിച്ച ചരിത്രപശ്ചാത്തലത്തിൽ മലങ്കരസഭാ ഭരണഘടനയുടെ ഒന്നും രണ്ടും വകുപ്പുകൾ മനസ്സിലാക്കേണ്ടതാണ്. കൽക്കദോന്യേതര ഓർത്തഡോക്സ് സുറിയാനി സഭാപാരമ്പര്യം ഇന്ന് നിലനിർത്തുന്നത് രണ്ടു സഭകളാണ്. അന്ത്യോഖ്യയിലെ പാശ്ചാത്യ ഓർത്തഡോക്സ് സുറിയാനി സഭയും മലങ്കരയിലെ പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയും. ഈ രണ്ടു വിഭാഗങ്ങളും (division) അവലംബിക്കുന്ന കൽക്കിദോന്യേതര സഭാപാരമ്പര്യം കണക്കിലെടുക്കുമ്പോൾ അവയുടെ പ്രധാന മേലദ്ധ്യക്ഷനായി അന്ത്യോഖ്യാ പാത്രിയർക്കീസിനെ മലങ്കര സഭ ബഹുമാനിച്ച് ആദരിക്കുന്നു. അത് മലങ്കര സഭയ്ക്ക് അന്ത്യോഖ്യയിലെ പാശ്ചാത്യ ഓർത്തഡോക്സ് സുറിയാനിസഭാ പാരമ്പര്യത്തോടുള്ള കടപ്പാടിന്റെയും നന്ദിയുടെയും ഒരു പ്രതീകാത്മക സ്ഥാനത്തിന്റെ അംഗീകരണമാണ്. അതല്ലാതെ ആ സ്ഥാനംകൊണ്ട് മലങ്കരസഭയുടെ മേൽ ആത്മികമൊ ലൗകികമൊ ആയ യാതൊരധികാരാവകാശങ്ങളും വിവക്ഷിക്കുന്നില്ല. മലങ്കരസഭാ ഭരണഘടന ക്രോഡീകരിച്ചവർ വിശാലമനസ്സോടെ മലങ്കര സഭാ ഭരണഘടനയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് അപ്രകാരം ഒരു സ്ഥാനം നൽകി ആദരിച്ചതിനാൽ അന്ത്യോഖ്യയിലെ ഓർത്തഡോക്സ് സുറിയാനി സഭ എന്നും മലങ്കര സഭയോട് നന്ദിയുള്ളവരായിരിക്കേണ്ടതാണ്. മലങ്കരസഭാ ഭരണഘടനയിലെ 101, 114, 118 വകുപ്പുകളും മലങ്കരസഭ ഈ അർത്ഥത്തിൽ ബഹുമാനസൂചകമായി നൽകിയിരിക്കുന്നവയാണ്.

വകുപ്പ് 101

"കാതോലിക്കായുടെ സഹകരണത്തോടുകൂടി കാനോനികമായി വാഴിക്കപ്പെടുന്ന പാത്രിയർക്കീസിനെ മലങ്കര സഭ അംഗീകരിക്കുന്നതാകുന്നു". ഇതിൽനിന്ന് വളരെ വ്യക്തമായിരിക്കുന്ന സംഗതി അന്ത്യോഖ്യ പാത്രിയർക്കീസിനെ നിരുപാധികം സ്വീകരിക്കുവാൻ മലങ്കരസഭയ്ക്ക് യാതൊരു ബാദ്ധ്യതയും ഇല്ലെന്ന വസ്തുതയാണ്. മലങ്കരയുടെ കാതോലിക്കേറ്റിന്റെ സ്വയംശീർഷകത്വം ഇതു കാണിക്കുന്നു. എ.ഡി. 868-ലെ കഫർത്തൂത്താ സുന്നഹദോസിന്റെ വ്യവസ്ഥകൾ അനുസരിച്ച് പൗരസ്ത്യർ കാതോലിക്കായെ വാഴിക്കുമ്പോൾ പാശ്ചാത്യ പാത്രിയർക്കീസിനെ ക്ഷണിക്കണം പാശ്ചാത്യർ പാത്രിയർക്കീസിനെ വാഴിക്കുമ്പോൾ പൗരസ്ത്യ കാതോലിക്കായെയും ക്ഷണിക്കണം. ഈ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് മലങ്കരസഭാ ഭരണഘടനയിൽ ഈ വകുപ്പ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പാശ്ചാത്യ സുറിയാനി ഓർത്തഡോക്സ് സഭയുടെ ഭരണഘടനയിൽ സമാനമായ ഒരു വ്യവസ്ഥ ഉണ്ടാക്കിയിട്ടുണ്ടോ എന്നറിയില്ല. ഈ അടിസ്ഥാനത്തിൽ ഇപ്പോഴത്തെ അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരയിലെ പൗരസ്ത്യ കാതോലിക്കായുടെ അംഗീകരണത്തോടെ വാഴിക്കപ്പെട്ടതല്ലാത്തതിനാൽ മലങ്കരസഭ അദ്ദേഹത്തെ കാനോനികമായി വാഴിക്കപ്പെട്ട അന്ത്യോഖ്യ പാത്രിയർക്കീസായി അംഗീകരിക്കുന്നില്ല. സുപ്രീം കോടതിവിധി ബഹുമാനിക്കുകയും ആദരിക്കുകയും അതിൽ അഭയം പ്രാപിക്കുകയും ചെയ്യുന്ന പാത്രിയർക്കീസ് പക്ഷപാതികൾ സുപ്രീം കോടതി മലങ്കരയിലെ പൗരസ്ത്യ കാതോലിക്കാമാരുടെ സ്ഥാനങ്ങൾ ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്തവയാണെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിരിക്ക (ജൂൺ 20, 1995) മലങ്കരസഭയുടെ അംഗീകരണമുള്ള ഒരു പാത്രിയർക്കീസ് ഇന്ന് അന്ത്യോഖ്യയിൽ ഇല്ലായെന്ന സത്യം മനസ്സിലാക്കുവാൻ മടിക്കുന്നത് ക്ഷന്തവ്യമല്ല. മുന്നൂറിലധികം പേജുകളുള്ള ഈ സുപ്രീം കോടതി വിധിയിൽ, പാത്രിയർക്കീസ് വിഭാഗം സൃഷ്ടിച്ച ശ്രേഷ്ഠ കാതോലിക്കയെക്കുറിച്ച് ഒരു വാക്കുപോലും പറയാതിരിക്കേ അദ്ദേഹത്തിന്റെ സഹകരണത്തോടുകൂടിയാണ് ഇപ്പോഴത്തെ അന്ത്യോഖ്യ പാത്രിയർക്കീസ് വാഴിക്കപ്പെട്ടതെന്ന് പറയുന്നത് പരമമായ അബദ്ധംതന്നെ.

വകുപ്പ് 114

"മലങ്കരയാൽ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസുണ്ടെങ്കിൽ കാതോലിക്കായെ വാഴിക്കുന്ന അവസരത്തിൽ പാത്രിയർക്കീസിനെയും ക്ഷണിക്കേണ്ടതും പാത്രി

യർക്കീസ് വരുന്ന പക്ഷം സിനഡിന്റെ പ്രസിഡന്റ് എന്ന നിലയിൽ സിനഡിന്റെ സഹകരണത്തോടുകൂടി കാതോലിക്കായെ വാഴിക്കേണ്ടതും ആകുന്നു".

മലങ്കരസഭയുടെ സുന്നഹദോസ് കാതോലിക്കായെ വാഴിക്കുമ്പോൾ പാത്രിയർക്കീസ് ഒരു അതിഥിയായി മാത്രം ക്ഷണിക്കപ്പെടുകയാണ്. എന്നാൽ അദ്ദേഹം മലങ്കരസഭയുടേതുപോലുള്ള വിശ്വാസ പാരമ്പര്യമുള്ള ഒരു സഭയുടെ മേലദ്ധ്യക്ഷനായതിനാലും ചരിത്രപരമായി പൗരസ്ത്യർ അദ്ദേഹത്തിന് മുമ്പത്വം (Primary) കൊടുത്തിട്ടുള്ളതിനാലും കാതോലിക്കാവാഴ്ചയിൽ സുന്നഹദോസിലെ പ്രധാന കാർമ്മികനായിരിക്കുവാൻ മലങ്കരസഭ ഒരു സ്ഥാനം നൽകി ആദരിച്ചിരിക്കുകയാണ്. കാരണം, മലങ്കരയുടെ കാതോലിക്കായെ വാഴിക്കുവാൻ മലങ്കര സഭ അംഗീകരിക്കുന്ന ഒരു പാത്രിയർക്കീസുണ്ടെങ്കിൽ പോലും അദ്ദേഹം വരേണ്ടത് മലങ്കര സഭയ്ക്ക് ഒരു ആവശ്യമുള്ള കാര്യമല്ല എന്ന് ഈ വകുപ്പിൽനിന്നും വ്യക്തമാണല്ലോ. മാത്രമല്ല മലങ്കരസഭയുടെ വിശ്വാസ പാരമ്പര്യമുള്ള ഏതൊരു കൽക്കിദോന്യേതരസഭയുടെ (അർമ്മേനിയ, ഈഗുപ്തായ, എത്യോപ്യ) പ്രധാന മേലദ്ധ്യക്ഷൻ വന്നാലും കാതോലിക്കാവാഴ്ചയിൽ പ്രധാന കാർമ്മികത്വം നൽകി ആദരിക്കുന്നതിൽ കാനോനികമായൊ വേദശാസ്ത്രപരമായോ അപാകതയില്ല.

വകുപ്പ് 118

"പരാതി കാതോലിക്കായെ പറ്റിയാണെങ്കിൽ മലങ്കരസഭയാൽ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസുണ്ടെങ്കിൽ പാത്രിയർക്കീസിനെക്കൂടെ ക്ഷണിക്കേണ്ടതും അദ്ദേഹം വരുന്ന പക്ഷം സിനഡിന്റെ പ്രസിഡന്റായിരിക്കുന്നതും വരാത്ത പക്ഷം സിനഡ് വിധി കൽപിക്കുന്നതുമാകുന്നു."

114-ാം വകുപ്പുപ്രകാരം അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കര സഭയുമായുള്ള ബന്ധത്തെക്കാൾ കുറേക്കൂടെ ബലഹീനമായ ബന്ധം വ്യക്തമാക്കുന്നതാണ് ഈ വകുപ്പ്. ഈ വകുപ്പുകളെല്ലാം മലങ്കരസഭയുടെ സ്വയ ശീർഷകത്വവും തനിമയും വ്യക്തമാക്കുന്നു.

11. കതോലിക്കാ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയോ?

ഓർത്തഡോക്സ് സഭകളുടെ ചരിത്രത്തിൽ ഒരിക്കലും കേട്ടുകേൾവിപോലുമില്ലാത്തത ഒരു ബാലിശമായ വാദമുഖമാണ് പാത്രിയർക്കീസ് പക്ഷപാതികൾ ഇന്ന് ഉന്നയിക്കുന്നത്. മലങ്കരസഭയുടെ സുപ്രീം കോടതി അംഗീകരിച്ച ഭരണഘടനയിൽ അന്ത്യോഖ്യ പാത്രിയർക്കീസിനെക്കുറിച്ച് പറയുന്ന ഒരു വകുപ്പിലും (1, 101, 114, 118) ഈ വാദമുഖത്തിന് സാദ്ധ്യതയില്ലെന്ന് നാം കണ്ടുവല്ലോ. മറിച്ച് മലങ്കര മെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായുമായ മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷന്റെ അധികാരാവകാശങ്ങൾ സുപ്രീം കോടതി അംഗീകരിച്ചുറപ്പിച്ചിരിക്കുന്ന ഭരണഘടനാവകുപ്പുകൾ താഴെ പറയുന്നവയിൽനിന്നും ഈ വാദമുഖത്തിന്റെ അർത്ഥശൂന്യത വ്യക്തമാകും.

വകുപ്പ് 94

മലങ്കരയുടെ ലൗകികവും വൈദികവും ആത്മീയവുമായ ഭരണത്തിന്റെ പ്രധാന ഭാരവാഹിത്വം ഈ ഘടനയ്ക്കു വിധേയമായി മലങ്കര മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

വകുപ്പ് 100

മേൽപ്പട്ടക്കാരെ വാഴിക്കുക, എപ്പിസ്കോപ്പൽ സുന്നഹദോസിൽ അദ്ധ്യക്ഷം വഹിക്കുക, സുന്നഹദോസിന്റെ നിശ്ചയങ്ങളെ പ്രഖ്യാപിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുക, സുന്നഹദോസിന്റെ പ്രതിപുരുഷനെന്ന നിലയിൽ ഭരണം നടത്തുക, മൂറോൻ കൂദാശ ചെയ്യുക എന്നിവ കാതോലിക്കായുടെ അധികാരത്തിൽപ്പെട്ടവയാകുന്നു.

ഏതൊരു സ്വതന്ത്രസഭയുടെയും പ്രധാന മേലദ്ധ്യക്ഷന് അതിൽ കവിഞ്ഞ യാതൊരു അധികാരവും ഒരു ഓർത്തഡോക്സ് സഭയിലുമില്ല. ഇതിനുപരിയായി എന്തെങ്കിലും അധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭയുടെ മേൽ ഉണ്ട് എന്ന് അദ്ദേഹമോ അദ്ദേഹത്തിന്റെ പക്ഷപാതികളോ ധരിച്ചാൽ അത് ഓർത്തഡോക്സ് സഭയുടെ പാരമ്പര്യമല്ല, ഒരു പക്ഷേ റോമൻ കത്തോലിക്കാസഭയുടെ വീക്ഷണത്തോടു സാമ്യമുള്ളതായിരിക്കാം. മാർത്തോമ്മാശ്ലീഹായ്ക്ക് പട്ടത്വനൽവരമില്ലായെന്ന് ലജ്ജയില്ലാതെ ഒരു പാത്രിയർക്കീസ് (203-ാം നമ്പർ കൽപന) എഴുതുകയും അതിന് ചൂട്ടുപിടിക്കുവാൻ ഏതാനും മലങ്കരസഭയുടെ മക്കൾ തയ്യാറാവുകയും ചെയ്തതിൽ ഈ സഭ ഇന്നും ദുഃഖിക്കുന്നതുപോലെ അന്ത്യോഖ്യ പാത്രിയർക്കീസ് പൗരസ്ത്യ കാതോലിക്കായുടെ ആത്മീയ മേലധികാരി ആണെന്ന് ഇക്കൂട്ടർ ഇപ്പോൾ പറയുന്നതിൽ മലങ്കരസഭാമക്കൾ ഇന്നും ദുഃഖിക്കുന്നു. അന്ത്യോഖ്യൻ ഓർത്തഡോക്സ് സുറിയാനി സഭയെപ്പോലെ അതേ കൽക്കിദോന്യേതര ഓർത്തഡോക്സ് സുറിയാനി സഭാ പാരമ്പര്യം പുലർത്തുന്ന മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പൗരസ്ത്യ കാതോലിക്കാ ആണ്. അന്ത്യോഖ്യൻ പാത്രിയർക്കീസിന് അറബി വംശജരായ ഓർത്തഡോക്സ് സുറിയാനി സഭാംഗങ്ങളുടെ മേൽ എന്തെല്ലാം അധികാരാവകാശങ്ങളുണ്ടോ സമാനമായ എല്ലാ അധികാരാവകാശങ്ങളും മലങ്കരസഭയുടെ കാതോലിക്കായ്ക്ക് ഇന്ത്യൻ വംശജരായിരിക്കുന്ന മലങ്കരസഭാംഗങ്ങളുടെ മേലും ഉണ്ട്. എന്നാൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭാംഗങ്ങളുടെ മേലോ മലങ്കരയുടെ കാതോലിക്കായ്ക്ക് അന്ത്യോക്യാ സഭാംഗങ്ങളുടെ മേലോ സ്വതന്ത്രമായി യാതൊരധികാരാവകാശങ്ങളും ഇല്ല. ഈ സംഗതികൾ മലങ്കര സഭാചരിത്രത്തിൽനിന്നും മലങ്കരസഭാ ഭരണഘടനയിൽനിന്നും അത് അംഗീകരിച്ചുറപ്പിച്ചിട്ടുള്ള ഇൻഡ്യൻ സുപ്രീം കോടതിവിധികളിലും വ്യക്തമാക്കിയിട്ടുള്ളതാണ്. ചുരുക്കത്തിൽ കൽക്കിദോന്യേതര ഓർത്തഡോക്സ് സുറിയാനി സഭാ പാരമ്പര്യമുള്ള അന്ത്യോഖ്യായിലെ സഭയ്ക്കും മലങ്കരയിലെ സഭയ്ക്കും തനതായി ഓരോ പ്രധാന മേലദ്ധ്യക്ഷന്മാരിൽ മുമ്പത്വം (Primary) അന്ത്യോഖ്യ പാത്രിയർക്കീസിന് മലങ്കരസഭ കൊടുത്ത് ആദരിച്ചിട്ടുണ്ട്. അന്ത്യോഖ്യയിലെ പാത്രിയർക്കീസ് അവിടെ സുവിശേഷം അറിയിച്ച പത്രോസ് ശ്ലീഹായോട് ബന്ധപ്പെടുത്തി എന്തെല്ലാം അവകാശങ്ങൾ ഉണ്ടെന്ന് ധരിക്കുന്നുവോ അവയെല്ലാം മലങ്കരസഭയുടെ കാതോലിക്കാ ഇവിടെ സുവിശേഷം അറിയിച്ച തോമാശ്ലീഹായോട് ബന്ധപ്പെടുത്തിയും ഉൾക്കൊള്ളുന്നുണ്ട്.

12. മലങ്കര സഭ എപ്പിസ്കോപ്പലോ?

ഇടവക പള്ളികളാകുന്ന സ്വതന്ത്ര യൂണിറ്റുകൾ ചേർന്നുള്ള ഒരു സംയുക്ത ഭരണവ്യവസ്ഥിതിയാണ് മലങ്കരസഭയെന്ന വാദം സഭയിൽ ശക്തമായി ഉയർന്നു വന്നിട്ടുണ്ട്. ഈ വിഷയം സമുദായകേസിൽ സുപ്രീം കോടതി പരിഗണിക്കുകയും സഭാ ഭരണഘടനയിൽ വിവക്ഷിക്കുന്നിടത്തോളം മലങ്കര സഭ എപ്പിസ്കോപ്പൽ ആകുന്നു എന്നും ഇടവക പള്ളികൾ ഈ ഭരണഘടനപ്രകാരം സ്ഥിരമായി ഭരിക്കപ്പെടണമെന്നും വിധി തീർപ്പു കൽപ്പിക്കുകയും ചെയ്തു. അവരുടെ പത്തു കണ്ടെത്തലുകളിൽ (Findings) എട്ടാമത്തേത് ഇപ്രകാരമാണ്.

8. "So far as the declaration of the Malankara Church being episcopal in character is concerned, all we need hold is that it is episcopal to the extend it is so declared in the 1934 constitution. The said constitution also governs the affairs of the parish churches and shall prevail".

മേൽപ്പറഞ്ഞ അടിസ്ഥാനത്തിൽ മലങ്കരസഭ ഭരണഘടന മലങ്കരസഭയുടെ എപ്പിസ്കോപ്പസിയെ വ്യക്തമാക്കുന്നത് ഏതെല്ലാം വിധത്തിലെന്ന് പരിശോധിക്കുകയാണ് നമ്മുടെ ലക്ഷ്യം.

a) എപ്പിസ്കോപ്പ സഭയുടെ മേലദ്ധ്യക്ഷൻ

"എപ്പിസ്ക്കോപ്പ എവിടെയുണ്ടോ അവിടെ സഭയുണ്ട്" എന്ന് അന്ത്യോഖ്യയിലെ വി. ഇഗ്നാത്തിയോസ് നൂറോനോ രണ്ടാം നൂറ്റാണ്ടിൽ പറഞ്ഞിരിക്കുന്നതിൽനിന്ന് ക്രിസ്തീയ സഭയുടെ സംയോജന കേന്ദ്രം (Centre of unity) എപ്പിസ്കോപ്പ ആകുന്നു എന്നത് പൗരാണിക സഭകളുടെ എല്ലാം പഠിപ്പിക്കലാണ്. ഈ അടിസ്ഥന തത്ത്വത്തിൽ അധിഷ്ഠിതമായിത്തന്നെ മലങ്കരസഭയുടെ ഭരണഘടനയും രൂപപ്പെടുത്തിയിരിക്കുന്നു.

i) സഭയുടെ പൊതുഭരണം

ഭരണഘടനയുടെ ഒന്നും രണ്ടും വകുപ്പുകളിൽ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ അന്ത്യോഖ്യ പാത്രിയർക്കീസ് ആകുന്നുവെന്നും, പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്ക ആകുന്നുവെന്നും രേഖപ്പെടുത്തിയിരിക്കുന്നത് മലങ്കര സഭയുടെ എപ്പിസ്കോപ്പസി (മേൽപ്പട്ടസ്ഥാനം) അതിന്റെ ഭരണസംവിധാനത്തിലെ അടിസ്ഥാന തത്ത്വമാണെന്ന പ്രഖ്യാപനമാണ്. സഭയുടെ പൊതുഭരണത്തിന് ഉണ്ടാക്കുന്ന ഏതു ക്രമീകരണത്തിന്റെയും അത്യന്തികമായ അധികാരി പാത്രിയർക്കീസോ, കാതോലിക്കായോ അവരുടെ സ്ഥാനങ്ങളിലും നിലകളിലും ആയിരിക്കും. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ സഭയുടെ പൊതുഭരണം

പാത്രിയർക്കീസിലോ കാതോലിക്കായിലോ അത്യന്തികമായി നിക്ഷിപ്തമാണ്.

ii) അസോസിയേഷൻ

ഭരണഘടനയുടെ 72-ാം വകുപ്പനുസരിച്ച് മലങ്കരസഭയുടെ പരമോന്നത പാർലമെന്റായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡന്റ് മലങ്കര മെത്രാപ്പോലീത്തായും, വൈസ് പ്രസിഡന്റുമാർ ഭരണമുള്ള ശേഷം മേൽപ്പട്ടക്കാരും ആണന്ന വ്യവസ്ഥയിലും, സഭയുടെ ഭരണസംവിധാനത്തിന്റ ആത്യന്തികത മേൽപ്പട്ട സ്ഥാനത്തിൽ അധിഷ്ഠിതമാകുന്നു എന്നാണ് വ്യക്തമാകുന്നത്. ടി 73, 74 വകുപ്പുകളിൻപ്രകാരം മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടത് മലങ്കര മെത്രാപ്പോലീത്തായോ അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം വൈസ് പ്രസിഡന്റായ ഒരു മെത്രാപ്പോലീത്തായോ ആകുന്നുവെന്നാണ്. സാധാരണഗതിയിൽ മലങ്കര മെത്രാപ്പോലീത്തയാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ വിളിച്ചുകൂട്ടേണ്ടതെങ്കിലും അദ്ദേഹം ഇല്ലാതെ വരുന്ന അവസരത്തിൽ വൈസ് പ്രസിഡന്റുമാരിൽ രണ്ടുപേർക്കോ, അവർ വിളിച്ചുകൂട്ടാത്ത പക്ഷം മാനേജിംഗ് കമ്മിറ്റി അംഗങ്ങളിൽ പകുതി അംഗങ്ങൾക്കോ അസോസിയേഷൻ വിളിച്ചുകൂട്ടാവുന്നതാണ് എന്ന് വ്യവസ്ഥയുണ്ട്. എന്നാൽ അസോസിയേഷനിൽ അദ്ധ്യക്ഷത വഹിക്കുവാൻ ഒരു മെത്രാപ്പോലീത്തായ്ക്കല്ലാതെ മറ്റാർക്കും ഈ അധികാരം വ്യവസ്ഥ ചെയ്തിട്ടില്ലാത്തിടത്തോളം അസോസിയേഷന്റെ സാദ്ധ്യതയും മേൽപ്പട്ടസ്ഥാനത്തിന്റെ അധികാരത്തിൽ അധിഷ്ഠിതമായിരിക്കുന്നു.

അസോസിയേഷന് ഒരു സെക്രട്ടറി ഉണ്ടായിരിക്കണമെന്നും ആ സെക്രട്ടറിയെ അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുക്കണമെന്നും ഭരണഘടനയുടെ 75-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഏതെങ്കിലും കാരണവശാൽ മാനേജിംഗ് കമ്മിറ്റിയുടെ ആ തെരഞ്ഞെടുപ്പ് മലങ്കര മെത്രാപ്പോലീത്താ സ്ഥിരപ്പെടുത്തുന്നില്ലെങ്കിൽ ആ തെരഞ്ഞെടുപ്പിന് സാധുതയില്ലാതാകുമെന്ന് വ്യക്തമാക്കുന്നതിനാൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ എല്ലാ പ്രവർത്തനങ്ങളുടെയും നിയന്ത്രണം സഭയിലെ എപ്പിസ്കോപ്പായിൽ നിക്ഷിപ്തമാകുന്നുവെന്നത് അവിതർക്കിതമാണ്.

iii) അസോസിയേഷൻ മാനേജിംഗ് കമ്മറ്റി

a) മെത്രാപ്പോലീത്ത അദ്ധ്യക്ഷൻ

ഭരണഘടന 79-ാം വകുപ്പിൽ മാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആകെ അംഗങ്ങളുടെ സംഖ്യ അനുസരിച്ച് 12 പേർക്ക് ഒരാൾ എന്ന കണക്കിന് മലങ്കര മെത്രാപ്പോലീത്തായ്ക്ക് സ്വന്തഇഷ്ടപ്രകാരം മാനേജിംഗ് കമ്മറ്റി അംഗങ്ങളായി നിയമിക്കാവുന്നതും തെരഞ്ഞെടുക്കപ്പെടുന്നവരുടെ സംഖ്യ കൂടുന്നതനുസരിച്ച് ഇതേ അനുപാതത്തിൽ മലങ്കര മെത്രാപ്പോലീത്തായ്ക്ക് മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ നിയമിക്കാവുന്നതാകുന്നു എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നതിൽനിന്ന് മലങ്കര മെത്രാപ്പോലീത്തായ്ക്ക് മാനേജിംഗ് കമ്മറ്റിയുടെ മേലുള്ള നിയന്ത്രണാധികാരവും അതുവഴി സഭയിൽ എപ്പിസ്കോപ്പസിക്കുള്ള മുമ്പത്വവും വ്യക്തമാകുന്നുണ്ട്.

80-ാം വകുപ്പിൽ മാനേജിംഗ് കമ്മറ്റിയുടെ പ്രസിഡന്റ് മലങ്കര മെത്രാപ്പോലീത്തായും വൈസ് പ്രസിഡന്റുമാർ ഭരണമുള്ള എല്ലാ മെത്രാന്മാരാകുന്നുവെന്നും അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി മലങ്കര മെത്രാപ്പോലീത്തായ്ക്കോ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റുമാർക്കോ അവർ വിളിച്ചു കൂട്ടാത്ത പക്ഷം കമ്മിറ്റി അംഗങ്ങളിൽ പകുതി പേർക്കോ വിളിച്ചുകൂട്ടാവുന്നതാണെങ്കിലും മാനേജിംഗ് കമ്മിറ്റിയുടെ ഒരു യോഗവും ഒരു മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിലല്ലാതെ കൂടുവാൻ സാദ്ധ്യമല്ലയെന്ന് 81-ാം വകുപ്പു പ്രകാരവും വ്യക്തമാക്കിയിരിക്കുന്നതിൽനിന്ന് സഭയുടെ എപ്പിസ്കോപ്പൽ ഭരണ മുമ്പത്വം വ്യക്തമാകുന്നുണ്ട്. സഭയിലെ എപ്പിസ്കോപ്പൽ ഭരണാധികാരം സഭയിലെ മറ്റൊരംഗത്തിനും ഡലിഗേറ്റ് ചെയ്യുവാൻ പാടില്ലായെന്നത് സഭയുടെ എപ്പിസ്കോപ്പൽ അദ്വിതീയതയെ എടുത്തുകാട്ടുന്നു.

b) സഭയുടെ പണത്തിന്റെ ഉത്തരവാദി

എന്നാൽ 83-ാം വകുപ്പുപ്രകാരം മലങ്കര സഭയുടെ പണം ഏതെങ്കിലും കാര്യത്തിന് ചെലവാക്കേണ്ടിയിരുന്നാൽ അതിന് എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ഭൂരിപക്ഷവും മാനേജിംഗ് കമ്മിറ്റിയിലെ മേൽപ്പട്ടക്കാർ ഒഴിച്ചുള്ള ശേഷം അംഗങ്ങളുടെ ഭൂരിപക്ഷവും യോജിക്കേണ്ടതാകുന്നുവെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നത് സഭയിലെ എപ്പിസ്കോപ്പസിയുടെ അനിവാര്യതയും എപ്പിസ്കോപ്പസിയും ശേഷം ജനങ്ങളും തമ്മിലുള്ള ആരോഗ്യകരമായ പരസ്പര പൂരകത്വവും വ്യക്തമാക്കുന്നതാണ്.

84-ാം വകുപ്പ് അനുസരിച്ച് സമുദായംവക വരവു ചെലവുകളുടെ കാര്യത്തിലും മലങ്കര മെത്രാപ്പോലീത്തായ്ക്കാണ് ഉത്തരവാദിത്വം. മാനേജിംഗ് കമ്മിറ്റിയുടെ അനുമതിയോടെ പണം ചെലവാക്കണമെന്ന് പറയുന്നുണ്ടെങ്കിലും അത്യാവശ്യത്തിന് ഒരു നിശ്ചിത തുക മലങ്കര മെത്രാപ്പോലീത്തായ്ക്ക് സ്വന്തമായി ചെലവാക്കാം. അക്കാര്യം അടുത്ത മാനേജിംഗ് കമ്മിറ്റി യോഗത്തിൽ പ്രസ്താവിച്ചാൽ മതിയെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. അതായത് മലങ്കര മെത്രാപ്പോലീത്ത അത്യാവശ്യ സന്ദർഭങ്ങളിൽ ചെലവാക്കുന്ന പണത്തിന് ഔദ്യോഗികമായി മാനേജിംഗ് കമ്മിറ്റിയുടെ അംഗീകാരമോ അനുമതിയോ ആവശ്യമില്ലാത്തതിനാലും സഭയിലെ മറ്റൊരു മാനേജിംഗ് കമ്മിറ്റി അംഗത്തിനും സഭവക പണം കൈയിൽ സൂക്ഷിക്കുവാൻ അവകാശമില്ലാത്തതിനാലും സഭയുടെ പണത്തിനുമേൽ എപ്പിസ്ക്കോപ്പായ്ക്കുള്ള അധികാരം ഏകപക്ഷീയമാണ്. സഭയുടെ അത്യന്തിക സ്വഭാവം അതിന്റെ എപ്പിസ്കോപ്പസിയിലാകുന്നു എന്ന് വ്യക്തമാക്കുന്നു.

c) സഭാവസ്തുക്കളുടെ ഉടമസ്ഥൻ

സഭയ്ക്കുവേണ്ടി വസ്തുവാങ്ങുകയോ സഭാവസ്തു കടപ്പെടുത്തുകയോ വിൽക്കുകയോ ചെയ്യുന്നെങ്കിൽ മാനേജിംഗ് കമ്മിറ്റിയുടെയും എപ്പിസ്കോപ്പൽ സിനഡിന്റെയും ഭൂരിപക്ഷാഭിപ്രായപ്രകാരം തീരുമാനം എടുക്കാവുന്നതാണ് എന്ന് 85-ാം വകുപ്പിൽ പറയുന്നു. എന്നാൽ അത് കൂട്ടുട്രസ്റ്റിൽ ഉൾപ്പെട്ട വസ്തുവാണെങ്കിൽ മലങ്കര മെത്രാപ്പോലീത്തായും കൂട്ടുട്രസ്റ്റികളും ഒരുമിച്ച് പ്രമാണം എഴുതിക്കേണ്ടതാണെന്നും അതല്ലാതെ മലങ്കര മെത്രാപ്പോലീത്തായുടെ ട്രസ്റ്റിൽ ഉൾപ്പെട്ടതാണെങ്കിൽ മലങ്കര മെത്രാപ്പോലീത്ത തനിച്ച് പ്രമാണമെഴുതേണ്ടതാണെന്നും ഇവിടെ വ്യവസ്ഥയുണ്ട്. ഏതുതരത്തിലായാലും മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ഭൂരിപക്ഷാഭിപ്രായപ്രകാരമേ കരണം ചെയ്യുവാൻ തീരുമാനിക്കുവാൻപോലും സാധിക്കുകയുള്ളു എന്നും മലങ്കര മെത്രാപ്പോലീത്തയുടെ ട്രസ്റ്റുകൾ മറ്റ് മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ ആരുടെയും പേരിൽ പ്രമാണമെഴുതാതെ, മലങ്കര മെത്രാപ്പോലീത്തായുടെ പേരിൽ



സെന്റ് മേരീസ് ഓർത്തഡോക്സ് പുത്തൻപള്ളി ആർത്താറ്റ് (കുന്നംകുളം ഭദ്രാസനം) 101-ാം ശിലാസ്ഥാപന പെരുന്നാളിന് ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ മുഖ്യ കാർമികത്വം വഹിച്ചു. വി. കുർബാനക്ക് ശേഷം പുണ്യശ്ലോകരായ സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ എന്നീ പിതാക്കൻമാരുടെ കബറിങ്കൽ ധൂപ പ്രാർത്ഥന, പ്രദക്ഷിണം, നേർച്ച വിളമ്പൽ എന്നിവ ഉണ്ടായിരുന്നു. വികാരി ഫാ. ടി. പി. വർഗ്ഗീസ്, കൈസ്ഥാനി ലിബിനി സി. മാത്യൂസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

മാത്രം എഴുതിയാൽ മതിയെന്നതും സഭയുടെ സ്വത്തുക്കളെ സംബന്ധിച്ചുള്ള എപ്പിസ്കോപ്പൽ അത്യന്തികത സൂചിപ്പിക്കുന്നു. (Episcopal finality)

d) ഉപസമിതികളുടെ അദ്ധ്യക്ഷൻ

ഭരണഘടന 86-ാം വകുപ്പനുസരിച്ച് വിദ്യാഭ്യാസം, ഫൈനാൻസ് തുടങ്ങി സഭയ്ക്ക് ആവശ്യമുള്ള സംഗതികൾക്ക് സബ് കമ്മറ്റികളെ നിയമിക്കുവാൻ മാനേജിംഗ് കമ്മിറ്റിക്ക് അധികാരമുണ്ട്. എന്നാൽ ആ നിയമനങ്ങൾ സാധുവാകണമെങ്കിൽ എപ്പിസ്കോപ്പൽ സിനഡിന്റെ അനുമതി (Approval) അനുപേക്ഷണീയമാണെന്നും അപ്രകാരം നിയമിക്കപ്പെടുന്ന ഓരോ സബ്കമ്മറ്റിയുടെയും പ്രസിഡന്റ് ഒരു മെത്രാപ്പോലീത്ത ആയിരിക്കണമെന്നും ഇവിടെ വ്യവസ്ഥയുള്ളതിനാൽ സഭയുടെ സാമ്പത്തിക സാമൂഹ്യ ദൗത്യങ്ങൾ എപ്പിസ്കോപ്പസിയുടെ അധികാര പരിധിക്കുള്ളിലാണ് (Within the limits of episcopal authority) നിക്ഷിപ്തമായിരിക്കുന്നതെന്നത് സഭയിൽ എപ്പിസ്കോപ്പസിയുടെ മുമ്പത്വത്തെ (Primary) സൂചിപ്പിക്കുന്നു.

e) പ്രവർത്തക സമിതിയുടെ അദ്ധ്യക്ഷൻ

മലങ്കര മെത്രാപ്പോലീത്ത പ്രസിഡന്റും എപ്പിസ്കോപ്പൽ സുന്നഹദോസിനാൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു മേൽപ്പട്ടക്കാരനും സമുദായ ട്രസ്റ്റികളും അസോസിയേഷൻ സെക്രട്ടറിയും അവരുടെ ആലോചനയോടെ മലങ്കര മെത്രാപ്പോലീത്ത നിയമിക്കുന്ന മറ്റ് അഞ്ച് അംഗങ്ങളും ഉൾപ്പെടുന്നതാണ് സഭയുടെ പ്രവർത്തകസമിതി (Working committe). മറ്റ് അംഗങ്ങൾ മാനേജിംഗ് കമ്മിറ്റിയിൽ നിന്നുള്ളവരല്ലെങ്കിൽ അവർ പ്രവർത്തകസമിതി അംഗങ്ങളായിരിക്കുന്നിടത്തോളംകാലം മാനേജിംഗ് കമ്മിറ്റി അംഗങ്ങൾകൂടി ആയിരിക്കും. മാനേജിംഗ് കമ്മിറ്റിയുടെ നിശ്ചയങ്ങൾ അനുസരിച്ച് കാര്യങ്ങൾ നിർവ്വഹിക്കുവാനുള്ളവരാണ് ഇവർ. എന്നാൽ ഈ കാര്യനിർവ്വഹണ സമിതിക്ക് അത്യാവശ്യഘട്ടത്തിൽ മാനേജിംഗ് കമ്മിറ്റിയുടെ അനുമതി പ്രതീക്ഷിച്ചുകൊണ്ടും അടുത്ത മാനേജിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അനുമതി വാങ്ങിക്കുവാൻ സാധിക്കത്തക്കവിധം മുന്നമേ അത്യാവശ്യകാര്യങ്ങൾ നിർവ്വഹിക്കാവുന്നതും ആകുന്നു. 88-ാം വകുപ്പുപ്രകാരം മലങ്കര മെത്രാപ്പോലീത്തായുടെ ആലോചനാസമിതികൂടി ആയിരിക്കുന്ന ഈ പ്രവർത്തക സമിതി സഭയുടെ വളരെ പ്രധാനപ്പെട്ട ഒരു സമിതി ആയിരിക്കുന്നതും അതിന്റെ മുഴുവൻ നിയന്ത്രണവും മലങ്കര മെത്രാപ്പോലീത്തായിലും എപ്പിസ്കോപ്പൽ സുന്നഹദോസിലും നിക്ഷിപ്തമായിരിക്കുന്നതിനാലും ഇത് സഭയുടെ എപ്പിസ്കോപ്പസിയുടെ മുമ്പത്വത്തെ എടുത്തുകാട്ടുന്നു. സ്ഥാനന്യായേന സഭയുടെ വൈദിക ട്രസ്റ്റിയും അത്മായ ട്രസ്റ്റിയും അസോസിയേഷൻ സെക്രട്ടറിയും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഈയിടെ ആയി സഭയിലെ എല്ലാ മെത്രാസന സെക്രട്ടറിമാരെയും ഈ സമിതിയിലേക്ക് വിളിക്കാറുണ്ടെങ്കിലും അത് സ്ഥാനന്യായേനയുള്ള ഭരണഘടനാ വിവക്ഷിതമായ



കാര്യമല്ല, മലങ്കര മെത്രാപ്പോലീത്തായുടെ സ്വന്തമായ നിർണ്ണയത്തിൽ (Discretion) പെടുന്ന ഒരു കാര്യമാണ്. ഇവിടെയും എപ്പിസ്കോപ്പസിയുടെ മുമ്പത്വമാണ് ഉള്ളത്.

f) മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റ്

മലങ്കര അസോസിയേഷനാൽ തെരഞ്ഞെടുക്കപ്പെട്ടോ മലങ്കര മെത്രാപ്പോലീത്തായാൽ നോമിനേറ്റ് ചെയ്യപ്പെട്ടോ മലങ്കര മെത്രാപ്പോലീത്തായ്ക്ക് ഒരു അസിസ്റ്റന്റ് ഉണ്ടായിരിക്കാവുന്നതാണ്. അത് ഒരു മേൽപ്പട്ടക്കാരൻതന്നെ ആയിരിക്കണമെന്ന് ഭരണഘടന വിവക്ഷിക്കുന്നില്ലെങ്കിലും സാധാരണയായി എപ്പിസ്കോപ്പൽ സുന്നഹദോസിൽനിന്ന് മെത്രാപ്പോലീത്തായെ അസിസ്റ്റന്റ് ആയി അസോസിയേഷൻ തെരഞ്ഞെടുക്കുകയോ മലങ്കര മെത്രാപ്പോലീത്ത നോമിനേറ്റ് ചെയ്യുകയോ ആണ് പതിവായിരിക്കുന്നത്. ടി. അസിസ്റ്റന്റ് പ്രവർത്തക സമിതിയിലും മാനേജിംഗ് കമ്മിറ്റിയിലും സ്ഥാനന്യായേനയുള്ള അംഗമായിരിക്കും. ഇവിടെയും എപ്പിസ്കോപ്പസിയുടെ മുമ്പത്വമാണ് സഭ കാലാകാലങ്ങളായി പിന്തുടരുന്ന പാരമ്പര്യം.

❑



മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം തുമ്പമൺ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ മാക്കാംകുന്നു ഡിസ്ട്രിക്റ്റ് യുവജന പ്രസ്ഥാനത്തിന്റെ സഹകരണത്തോടെ പത്തനംതിട്ട ഗാന്ധി ജംഗ്ഷനിൽ ഒക്ടോബർ 2 ഗാന്ധിജയന്തിയുടെ ഭാഗമായി മത സൗഹാർദപ്രതിജ്ഞ നടത്തപ്പെട്ടു. കുറിയാക്കോസ് മാർ ക്ലിമീസ് മെത്രാപ്പോലീത്ത ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി.

ഫാ. മോൻസി പി. ചാക്കോ നിര്യാതനായി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കൊച്ചി ഭദ്രാസനത്തിലെ വൈദികൻ ഫാ. മോൻസി പി. ചാക്കോ നിര്യാതനായി. കൊരട്ടി സെന്റ് കുറിയാക്കോസ് സീയോൻ സെമിനാരി ഓർത്തഡോക്സ് പള്ളി വികാരിയായിരുന്നു.



ബാംഗ്ലൂർ ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ സേവനമനുഷ്ഠിച്ചിരുന്നു.

സുൽത്താൻ ബത്തേരി ഭദ്രാസനത്തിലെ വയനാട് ചീങ്ങേരി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയാണ് മാതൃ ഇടവക. പരിശുദ്ധ ദിദിമോസ് ബാവയുടെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നു.

ശവസംസ്കാരം പിന്നീട്.

ചരിത്രരേഖകൾ

മലങ്കര ഓർത്തഡോക്സ് സഭ: സുന്നഹദോസ് നിശ്ചയങ്ങൾ

2003 ജൂലൈ സുന്നഹദോസ്

2003 ജൂലൈ 22 മുതൽ 25 വരെ കോട്ടയം പഴയസെമിനാരി സോഫിയാ സെന്റർ ചാപ്പലിൽ പരിശുദ്ധ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ ഡോ. തോമസ് മാർ മക്കാറിയോസ്, ഡോ. യൂഹാനോൻ മാർ മിലിത്തിയോസ്, ഇയ്യോബ് മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്തന്മാരൊഴിച്ച് ബാക്കി എല്ലാവരും സംബന്ധിച്ചു.

സുന്നഹദോസിന്റെ പ്രധാന തീരുമാനങ്ങൾ സുന്നഹദോസ് സെക്രട്ടറി തോമസ് മാർ അത്താനാസിയോസ് (ചെങ്ങന്നൂർ) മെത്രാപ്പോലീത്താ വിശദീകരിച്ചു.

1. ബി ഷെഡ്യൂളിൽപ്പെട്ട സംഘടനകളുടെയും, സ്ഥാപനങ്ങളുടെയും, പ്രസ്ഥാനങ്ങളുടെയും 2002-2003-ലെ കണക്ക് പാസ്സാക്കി. ഓർത്തഡോക്സ് സഭാ മിഷൻ സൊസൈറ്റി പുനഃസംഘടിപ്പിച്ചു.

2. വള്ളിക്കാട്ടു ദയറായിൽ കബറടങ്ങിയിരിക്കുന്ന പ. ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ചരമ പ്ലാറ്റിനം ജൂബിലി വിവിധ പരിപാടികളോടെ ഡിസംബർ 16, 17 തീയതികളിൽ വിപുലമായി ആഘോഷിക്കുവാൻ തീരുമാനിച്ചു.

അതോടനുബന്ധിച്ച് ജൂബിലി സ്മാരകമായി സഭാസംബന്ധമായ വസ്തുക്കൾ നിർമ്മിക്കുന്ന ഒരു ഉൽപ്പാദന കേന്ദ്രവും, റിലീജിയസ് ആർട്ട് ആൻഡ് ആർക്കിടെക്ചർ ഇൻസ്റ്റിറ്റ്യൂട്ടും ആരംഭിക്കുവാൻ തീരുമാനിച്ചു.

3. അമേരിക്കൻ ഭദ്രാസനത്തിന് പുതിയ ആസ്ഥാനം വാങ്ങുവാനുള്ള അനുമതി നൽകി.

4. മെത്രാപ്പോലീത്താമാരുടെ സ്ഥലംമാറ്റം, റിട്ടയർമെന്റ് ഇവ സംബന്ധിച്ച്, കൂടുതൽ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ്, ഫീലിപ്പോസ് മാർ യൗസേബിയോസ്, ഡോ. തോമസ് മാർ അത്താനാസിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ് എന്നിവരംഗങ്ങളായുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. കമ്മിറ്റിയുടെ കൺവീനറായി മാത്യൂസ് മാർ സേവേറിയോസ് പ്രവർത്തിക്കും.

5. ജൂലൈ മാസം ആദ്യവാരം കൂടിക്കൊണ്ടിരുന്ന പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഇനി മുതൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാളിനു ശേഷം (ജൂലൈ 12) കൂടുവാൻ തീരുമാനിച്ചു.



6. 2004 പീഡാനുഭവവാര ശുശ്രൂഷകൾക്ക് കോട്ടയം പഴയസെമിനാരിയിൽ അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായും പരുമല സെമിനാരിയിൽ അഭി. ഡോ. ഏബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്തായും പ്രധാന കാർമ്മികത്വം വഹിക്കും.

7. എൻ.സി.സി.ഐ. യുടെ നാഷണൽ അസംബ്ലിയിലേക്ക് സഭാ പ്രതിനിധികളായി അഭി. ഗീവർഗീസ് മാർ കൂറിലോസ്, ഫാ. സാബു കുറിയാക്കോസ്, ഡോ. അലക്സാണ്ടർ കാരയ്ക്കൽ, സൂസൻ ജേക്കബ് (മദ്രാസ്), പ്രിയാ ജേക്കബ് തുടങ്ങിയവർ സംബന്ധിക്കുവാൻ തീരുമാനമായി.

8. റഷ്യൻ സഭയുടെ കീഴിലുള്ള മെത്രാപ്പോലീത്ത 2004 ജനുവരി 10 മുതൽ 16 വരെ ഇന്ത്യ സന്ദർശിക്കുന്നു. അതോടനുബന്ധിച്ച് രണ്ടു ദിവസം അദ്ദേഹം കേരളത്തിലും ഉണ്ടായിരിക്കും.

9. പള്ളികൾ പണിയുമ്പോൾ സഭയുടെ ഓർത്തഡോക്സ് പാരമ്പര്യങ്ങളും വാസ്തുശിൽപ മാതൃകകളും ഉപയോഗപ്പെടുത്തി പള്ളികൾ പണിയുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലേക്കായി സഭയിലെ താൽപര്യമുള്ള ആർക്കിടെക്റ്റുമാരെ വിളിച്ചുകൂട്ടി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് അഭി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ സുന്നഹദോസ് ചുമതലപ്പെടുത്തി.

10. അടുത്ത സുന്നഹദോസ് 2004 ഫെബ്രുവരി 23-നു ശുബ്ക്കോനോ ശുശ്രൂഷയോടെ ആരംഭിച്ച് ഫെബ്രുവരി 28-നു പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടുകൂടി സമാപിക്കും.

2006 സുന്നഹദോസ്

കോടതിവിധികൾ സർക്കാരും പാലിക്കണം: ഓർത്തഡോക്സ് സഭ

കോട്ടയം: മലങ്കരസഭയിലെ പള്ളികൾ സംബന്ധിച്ചുണ്ടായ കോടതിവിധികൾ അനുസരിക്കാൻ കക്ഷികളും സർക്കാരും തയാറാകണമെന്ന് ഓർത്തഡോക്സ് സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് ആവശ്യപ്പെട്ടു.

കോടതിവിധി അട്ടിമറിക്കുന്നവർക്കു സഹായം നൽകി നിയമവാഴ്ച സർക്കാർ തകർക്കുകയാണെന്നു സുന്നഹദോസ് കുറ്റപ്പെടുത്തി.

ഇടവകപ്പള്ളികൾക്കു ബാധകമായ സഭാഭരണഘടന ഉപേക്ഷിച്ചു പുതിയ ഭരണഘടന സൃഷ്ടിച്ചു സഭ വിട്ടവർ അക്രമം അഴിച്ചു വിടും മുമ്പു പൂട്ടിക്കിടക്കുന്ന പള്ളികൾ നിയമാനുസൃതം തുറക്കാൻ നടപടി സ്വീകരിക്കുന്നുവെങ്കിൽ അതു സ്വാഗതാർഹമാണ്. എന്നാൽ, കോടതിവിധികൾ മാറ്റിവച്ച്; സഭയുമായി ആലോചന നടത്താതെ സർക്കാർ ഏകപക്ഷീയമായും നിയമവിരുദ്ധമായും പള്ളികൾ തുറക്കുന്ന നടപടി പ്രതിഷേധാർഹമാണ്.

കോലഞ്ചേരി, കടമറ്റം പള്ളികൾ തുറന്നപ്പോൾ ഈ പള്ളികളെ സംബന്ധിക്കുന്ന കോടതിവിധികൾ കാറ്റിൽ പറത്തുകയായിരുന്നു. പിറവം, വടകര തുടങ്ങിയ പള്ളികളിൽ കോടതിവിധിപ്രകാരം എല്ലാ അംഗങ്ങളും സഭാഭരണഘടന അംഗീകരിച്ചപ്പോഴും അവിടെ അതിനെതിരെ പ്രവർത്തിച്ചവരെ സർക്കാർ സഹായിക്കുന്നു.

പ്രശ്നങ്ങൾ ഇല്ലാതിരുന്നതും ഭരണഘടനപ്രകാരം ഭരിക്കപ്പെട്ടിരുന്നതുമായ പള്ളികളിൽ വിരുദ്ധ വിഭാഗം പ്രശ്നം സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്. സുൽത്താൻബത്തേരി സെന്റ് മേരീസ്, വടക്കനാട് സെന്റ് തോമസ്, കോറോം സെന്റ് മേരീസ് എന്നീ ദേവാലയങ്ങളിൽ സമരങ്ങൾ അരങ്ങേറുന്നതു സർക്കാർ പിന്തുണയോടെയാണ്. നിയമസഭാ തിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് അക്രമം

നടത്തുന്നവരെ സർക്കാർ പ്രീണിപ്പിക്കുന്നു. ഉദ്യോഗസ്ഥ സംവിധാനങ്ങളെയും പോലീസ് സേനയെയും ദുരുപയോഗപ്പെടുത്തി സഭയുടെ ന്യായമായ അവകാശങ്ങൾ അവഗണിക്കുന്നു.

സഭ പിളർക്കാനും പങ്കിടാനുമുള്ളതല്ല. കോടതികളിൽ നിന്ന് ഉണ്ടായ തീർപ്പ് അംഗീകരിച്ചു സഭ ഒന്നാകണം എന്നാണ് മലങ്കരസഭ ആഗ്രഹിക്കുന്നത്. നിയമവിരുദ്ധമായി വിഘടിച്ചു നിൽക്കുന്നവർക്കു നിലനിൽപ്പുണ്ടാക്കാൻ സഹായം ചെയ്യുന്ന അധികൃത നിലപാട് ജനാധിപത്യത്തോടും നീതിന്യായ ക്രമീകരണങ്ങളോടുമുള്ള വെല്ലുവിളിയാണെന്നു സുന്നഹദോസ് അഭിപ്രായപ്പെട്ടു.

മെത്രാപ്പോലീത്തന്മാരുടെ സ്ഥലംമാറ്റം, റിട്ടയർമെന്റ് എന്നിവ സംബന്ധിച്ചു മുൻ സുന്നഹദോസ് കൈക്കൊണ്ട തീരുമാനം നടപ്പാക്കാൻ യോഗം തീരുമാനിച്ചു.

ക്രിസ്മസ്, പെസഹ, ഈസ്റ്റർ തുടങ്ങിയ ശുശ്രൂഷകൾ കേരളത്തിലെ ദേവാലയങ്ങളിൽ രാവിലെ രണ്ടു മണിക്കുശേഷവും അഞ്ചു മണിക്കു മുമ്പും തുടങ്ങാവുന്നതാണെന്നു തീരുമാനിച്ചു. ഒഴിച്ചുകൂടാത്ത സാഹചര്യങ്ങളിൽ പരിശുദ്ധ കാതോലിക്കാ ബാവായുടെ അനുമതിയോടെ മാത്രം ഈ സമയക്രമത്തിൽ മാറ്റം വരുത്താം. കേരളത്തിനു പുറത്തുള്ള ദേവാലയങ്ങളിൽ ആവശ്യമെങ്കിൽ സന്ധ്യ കഴിഞ്ഞ് ഈ ശുശ്രൂഷകൾ നടത്തുന്നതിനും അനുവദിച്ചു.

അഖില മലങ്കര ശുശ്രൂഷക സംഘത്തിന്റെ പ്രസിഡണ്ടായി ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസിനെ നിയമിച്ചു.

സഭയിൽ തർക്കമുള്ള പള്ളികളെ സംബന്ധിച്ച സഭയുടെ നിലപാട് വ്യക്തമാക്കുന്ന രേഖ തയാറാക്കി പ്രസിദ്ധീകരിക്കാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി.

ദൃശ്യമാധ്യമങ്ങളിൽ കൂടിയുള്ള സുവിശേഷഘോഷണ പരിപാടി സംബന്ധിച്ച റിപ്പോർട്ട് അംഗീകരിക്കുകയും ഫാ. ടി. ജെ. ജോഷ്വായെ അതിന്റെ ഡയറക്ടറായി നിയമിക്കുകയും ചെയ്തു.

നവംബർ 2006 സുന്നഹദോസ്

1. മലങ്കര മെത്രാപ്പോലീത്തായുടേയും പ. കാതോലിക്കാ ബാവായുടെയും പിൻഗാമിയായി കുന്നംകുളം ഭദ്രാസനാധിപൻ അഭി. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ അസ്സോസിയേഷൻ യോഗം തെരഞ്ഞെടുത്തത് സുന്നഹദോസ് അംഗീകരിച്ചു.

2. ബാഹ്യകേരള മിഷൻ പ്രവർത്തനങ്ങളുടെ സപ്തതി ആഘോഷങ്ങൾ ബാഹ്യകേരള ഭദ്രാസനങ്ങളുടെ ചുമതലയിൽ ഉചിതമായി നടത്തുന്നതിന് തീരുമാനിച്ചു.

3. മലബാർ ഭദ്രാസന മെത്രാപ്പോലീത്തായായി അഭി. ഡോ. സഖറിയാ മാർ തെയോഫിലോസിനെയും നിരണം ഭദ്രാസന മെത്രാപ്പോലീത്തായായി അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റമോസിനെയും മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി ശുപാർശ ചെയ്തത് സുന്നഹദോസ് അംഗീകരിച്ചു.

4. അങ്കമാലി ഈസ്റ്റ്, വെസ്റ്റ് മെത്രാസനങ്ങൾ ഒന്നിച്ചു ചേർത്ത് ഒരു ഭദ്രാസനമാക്കി ഒരു മെത്രാപ്പോലീത്തായുടെ പൂർണ്ണ ചുമതലയിൽ ആക്കുന്നതിന്റെ പ്രാഥമിക നടപടിയായി പ്രസ്തുത മെത്രാപ്പോലീത്താ ആയിരിക്കുന്ന പ. ബാവാ തിരുമേനിയെ, രണ്ട് ഭദ്രാസനങ്ങളുടേയും ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിന് ശ്രേഷ്ഠ നിയുക്ത കാതോലിക്കായെ പ. ബാവാ തിരുമേനി നിയോഗിച്ചു.

5. ബി ഷെഡ്യൂളിൽപ്പെട്ട സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും 2005-2006 ലെ കണക്കുകൾ പാസ്സാക്കി.

6. ആത്മീയ നവോത്ഥാന ദശക പദ്ധതികളുടെ ഭാഗമായി ഭദ്രാസനതലങ്ങളിൽ വാർഷിക സംഗമങ്ങൾ സംഘടിപ്പിക്കുന്നതിനും, ഒരു ബാഹ്യ കേരള മിഷൻ ട്രെയിനിംഗ് സെന്റർ രൂപീകരിക്കുന്നതിനും, സഭ വകയായി ഒരു റിട്രീറ്റ് സെന്റർ നിർമ്മിക്കുന്നതിനും, ഒരു ക്രൈസിസ്സ് മാനേജ്മെന്റ് ഫോറം രൂപീകരിക്കുന്നതിനും ഭദ്രാസനതലങ്ങളിൽ പ്രീ മാരിറ്റൽ കൗൺസെലിംഗ് നിർബന്ധമാക്കുന്നതിനും തീരുമാനിച്ചു.

7. വൈദികരുടേയും ബസ്ക്യാമ്മമാരുടേയും പുനർവിവാഹം അനുവദിക്കുന്നതിന് തീരുമാനിച്ചു.

8. റഷ്യൻ ആർച്ചുബിഷപ്പ് കിറിൽ മെത്രാപ്പോലീത്തായുടെ മലങ്കര സന്ദർശന വേളയിൽ സഭ വകയായി ഉചിതമായ സ്വീകരണം നൽകുന്നതിന് തീരുമാനിച്ചു.

9. ബാഹ്യകേരള ഭദ്രാസനങ്ങളിലെ യുവജനങ്ങൾക്കായി മാർ ഡയനീഷ്യസ് യെങ് ഡയസ്പോറ മൂവ്മെന്റ് എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

10. ഓറിയന്റൽ ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധം ദൃഢമാക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിന് ഇന്റർ ചർച്ച് റിലേഷൻ ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തി.

11. അടുത്ത സുന്നഹദോസ് യോഗങ്ങൾ 2007 ഫെബ്രുവരി 20 മുതൽ 24 വരെ കൂടുന്നതിന് തീരുമാനിച്ചു.

(മലങ്കരസഭ മാസിക, ഡിസംബർ 2006)

2007 ഫെബ്രുവരി സുന്നഹദോസ്

ഓർത്തഡോക്സ് സഭ: പുതിയ ഭദ്രാസന രൂപീകരണം അംഗീകരിച്ചു

കോട്ടയം: അഹമ്മദാബാദ്, ബാംഗ്ലൂർ, നോർത്ത് അമേരിക്കാ, സൗത്ത് വെസ്റ്റ് അമേരിക്കാ, ലണ്ടൻ എന്നീ ഭദ്രാസനങ്ങളുടെ രൂപീകരണം മലങ്കര ഓർത്തഡോക്സ് സഭ എപ്പിസ്കോപ്പൽ സിനഡ് അംഗീകരിച്ചു. എച്ച്.ഐ.വി./എയ്ഡ്സ് ബാധിതരുടെ ഇടയിലുള്ള കാരുണ്യ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് തീരുമാനിച്ചു. സഭ വകയായി സന്യാസ പരിശീലനകേന്ദ്രം ആരംഭിക്കുന്നതിനും പഴയസെമിനാരിയിൽ സുന്നഹദോസിനു വേണ്ടി സമ്മേളന ഹാൾ സമുച്ചയം നിർമ്മിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ തീരുമാനിച്ചു. ഗോവയിലെ അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ കബറിടം തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കും.

കമ്യൂണിറ്റി ഓഫ് സെന്റ് ഡയനീഷ്യസ് (മദ്രാസ്), ഓർഡർ ഓഫ് ദി സിസ്റ്റേഴ്സ് ഓഫ് സെന്റ് ഗ്രീഗോറിയോസ് (കോഴിക്കോട്), സൊസൈറ്റി ഓഫ് സെന്റ് ബേസിൽ (പത്തനംതിട്ട) എന്നീ സന്യാസ പ്രസ്ഥാനങ്ങൾ ആരംഭിക്കുന്നതിനു തീരുമാനിച്ചു.

സെപ്റ്റംബർ 11-നു ചേരുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന എപ്പിസ്കോപ്പാ സ്ഥാനികളുടെ തിരഞ്ഞെടുപ്പ് അംഗീകരിക്കുന്നതിനായി സുന്നഹദോസിന്റെ പ്രത്യേക യോഗം സെപ്റ്റംബർ 22-നു ചേരും.

(മലയാള മനോരമ)

2008 ഓഗസ്റ്റ് സുന്നഹദോസ്

പ. എപ്പിസ്കോപ്പൽ സുന്നഹദോസ് യോഗങ്ങൾ സമാപിച്ചു

പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ആഗസ്റ്റ് 18 മുതൽ 22 വരെ കോട്ടയം പഴയ സെമിനാരിയിൽ കൂടി. അഹമ്മദാബാദ്, ബാംഗ്ളൂർ, നോർത്ത് ഈസ്റ്റ് അമേരിക്ക, സൗത്ത് വെസ്റ്റ് അമേരിക്ക, ലണ്ടൻ എന്നീ ഭദ്രാസനങ്ങളുടെ രൂപീകരണം അംഗീകരിച്ചു.

HIV/AIDS ബാധിതരുടെ ഇടയിലുള്ള കാരുണ്യ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നിശ്ചയിച്ചു. സഭവകയായി ഒരു സന്യാസ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനും, പഴയ സെമിനാരിയിൽ സുന്നഹദോസിനു വേണ്ടി ഒരു സമ്മേളന ഹാൾ സമുച്ചയം നിർമ്മിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടു.

ഗോവയിലെ അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ കബറിടം തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കും. കമ്മ്യൂണിറ്റി ഓഫ് സെന്റ് ഡയനീഷ്യസ് (മദ്രാസ്), ഓർഡർ ഓഫ് ദി സിസ്റ്റേഴ്സ് ഓഫ് സെന്റ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഗ്രീഗോറിയോസ് (കോഴിക്കോട്), സൊസൈറ്റി ഓഫ് സെന്റ് ബേസിൽ (പത്തനംതിട്ട) എന്നീ സന്യാസ പ്രസ്ഥാനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു.

ബി - ഷെഡ്യൂളിൽപ്പെട്ട സഭവക സ്ഥാപനങ്ങളുടേയും പ്രസ്ഥാനങ്ങളുടേയും സംഘടനകളുടേയും 2007 - 2008 - ലെ വരവു ചെലവു കണക്കുകൾ പാസ്സാക്കി.

2008 സെപ്റ്റംബർ 11 ന് ചേരുന്ന മലങ്കര സുറിയാനി ക്രിസ്ത്യനി അസ്സോസിയേഷൻ യോഗത്തിൽ തരഞ്ഞെടുക്കപ്പെടുന്ന എപ്പിസ്കോപ്പാ സ്ഥാനികളുടെ തെരഞ്ഞെടുപ്പ് അംഗീകരിക്കുന്നതിനായി സുന്നഹദോസിന്റെ പ്രത്യേക യോഗം സെപ്റ്റംബർ 22-ന് ചേരും.

ഫെബ്രുവരി 2011 സുന്നഹദോസ്

സഭാ സമിതികളിലെ വനിതാ പ്രാതിനിധ്യം: റിപ്പോർട്ട് അംഗീകരിച്ചു

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ കാര്യനിർവഹണ സമിതികളിൽ സ്ത്രീകൾക്കു പ്രാതിനിധ്യം നൽകുന്നതു സംബന്ധിച്ച് കമ്മിഷൻ റിപ്പോർട്ട് സുന്നഹദോസ് അംഗീകരിച്ചു. ആവശ്യമായ നിയമനടപടി കൈക്കൊള്ളുന്നതിനു ബന്ധപ്പെട്ട സമിതികൾക്കു നിർദേശം നൽകുന്നതിനു തീരുമാനമായി.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ ചേർന്ന സുന്നഹദോസ് യോഗത്തെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയബാവാ അഭിസംബോധന ചെയ്തു. തോമസ് മാർ അത്താനാസിയോസ് പ്രസംഗിച്ചു. സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് റിപ്പോർട്ട് അവതരിപ്പിച്ചു. ഡോ. യൂഹാനോൻ മാർ ദിമെത്രയോസ്, ഏബ്രഹാം മാർ സെറാഫിം, യാക്കോബ് മാർ ഏലിയാസ് എന്നിവർ ധ്യാനം നയിച്ചു.

സഭാ മിഷൻ സൊസൈറ്റി അധ്യക്ഷനായി ഡോ. യൂഹാനേൻ മാർ ക്രിസോസ്റ്റമോസിനെയും കോ-പ്രസിഡന്റുമാരായി ഡോ. ജോസഫ് മാർ ദീവന്നാസിയോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ് എന്നിവരെയും തിരഞ്ഞെടുത്തു.

(മലയാള മനോരമ)

2012 ഫെബ്രുവരി സുന്നഹദോസ്

കാതോലിക്കേറ്റ് ശതാബ്ദി സമാപനം നവംബർ 25-ന്

കോട്ടയം: മലങ്കരസഭയുടെ 1960-ാം വാർഷികം, മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചതിന്റെ ശതാബ്ദി എന്നിവ സംബന്ധിച്ച ആഘോഷങ്ങളുടെ സമാപനം നവംബർ 25-നു നടത്താൻ ദേവലോകം കാതോലിക്കേറ്റ് അരമന ഹാളിൽ ചേർന്ന എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. ഭൗതിക മികവിനെക്കാൾ സ്നേഹത്തിന്റെ ഭാഷ അവലംബിക്കുന്ന ശൈലിയാണ് ആത്മീയ പ്രവർത്തനങ്ങൾക്ക് അഭികാമ്യമെന്നു പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു.

വലിയ നോമ്പിന്റെ ആരംഭ ദിവസം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവായുടെ മുഖ്യകാർമികത്വത്തിൽ നടന്ന നിരപ്പിന്റെ ശുശ്രൂഷയോടെയാണ് സുന്നഹദോസ് ആരംഭിച്ചത്.

സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് റിപ്പോർട്ട് അവതരിപ്പിച്ചു. കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരിയെ അനുമോദിച്ചു. യൂഹാനോൻ മാർ മിലിത്തിയോസ്, കുര്യാക്കോസ് മാർ ക്ലിമ്മീസ്, ഡോ. തോമസ് അത്താനാസിയോസ് എന്നിവർ ധ്യാനം നയിച്ചു.

സഭയിലെ വിവിധ പ്രസ്ഥാനങ്ങളുടെ ചുമതലക്കാരായി മെത്രാപ്പോലീത്താമാരെ നിയമിച്ചു. തോമസ് മാർ അത്താനാസിയോസ് (എം.ഒ.സി. പബ്ലിക്കേഷൻസ്, ആർദ്ര, ദൃശ്യമാധ്യമ സമിതി, വർക്കിംഗ് കമ്മിറ്റി അംഗം), ഗീവർഗീസ് മാർ ഈവാനിയോസ് (വൈദിക സംഘം, ബസ്ക്യോമോ അസോസിയേഷൻ), ഡോ. മാത്യൂസ് മാർ സേവേറിയോസ് (സുന്നഹദോസ് സെക്രട്ടറി), ഡോ. തോമസ് മാർ അത്താനാസിയോസ് (എം.ഒ.സി. കോളജസ്, എച്ച്.ആർ.എം.), ഗീവർഗീസ് മാർ കൂറിലോസ് (എം.ജി.ഒ.സി.എസ്.എം., മിഷൻ ബോർഡ്-ബാഹ്യകേരളം), പൗലോസ് മാർ പക്കോമിയോസ് (പ്രാർത്ഥനാ യോഗം), ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് (മിഷൻ ബോർഡ്), ഡോ. യാക്കോബ് മാർ ഐറേനിയോസ് (സൺഡേസ്കൂൾ, സ്ലീബാദാസ സമൂഹം, മലങ്കര സഭാ പത്രിക), യൂഹാനോൻ മാർ പോളിക്കാർപ്പോസ് (യുവജനപ്രസ്ഥാനം), മാത്യൂസ് മാർ തേവോദോസിയോസ് (കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂൾ), ഡോ. ജോഷ്വാ മാർ നിക്കോദിമോസ് (ബാലസമാജം), ഡോ. യൂഹാനോൻ മാർ തേവോദോറോസ് (മർത്തമറിയം വനിതാസമാജം), യാക്കോബ് മാർ ഏലിയാസ് (മദ്യവർജനം), ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് (എക്യുമെനിക്കൽ റിലേഷൻസ്), ഡോ. സഖറിയാസ് മാർ അപ്രേം (മലങ്കരസഭ മാസിക), ഡോ. മാത്യൂസ് മാർ തിമോത്തിയോസ് (ശുശ്രൂഷക സംഘം), ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് (ദിവ്യബോധനം).

(മലയാള മനോരമ)

ഓർത്തഡോക്സ് സഭകൾ സഹകരണം വർദ്ധിപ്പിക്കുന്നു.

കോട്ടയം: ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ സംയുക്ത സമിതി രൂപീകരിക്കണമെന്ന ഇത്യോപ്യൻ ഓർത്തഡോക്സ് സഭാധ്യക്ഷന്റെ നിർദ്ദേശം പരിശുദ്ധ കാതോലിക്കാബാവായുടെ അധ്യക്ഷതയിൽ ചേർന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് യോഗം അംഗീകരിച്ചു.

സമിതിയിലേക്ക് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ്, ഫാ. ഏബ്രഹാം തോമസ് എന്നിവരെ നിയോഗിച്ചു. ഫിനാൻസ് കമ്മറ്റി പ്രസിഡന്റായി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസിനെ തിരഞ്ഞെടുത്തു. ഒഴിവു വരുമ്പോൾ വൈദിക സെമിനാരി പ്രിൻസിപ്പലായി ഇപ്പോഴത്തെ വൈസ് പ്രിൻസിപ്പൽ ഫാ. ഡോ. ജേക്കബ് കുര്യനെ നിയമിക്കാനും തീരുമാനിച്ചു.



കാർട്ടൂണിസ്റ്റ് യേശുദാസൻ അന്തരിച്ചു

കൊച്ചി: പ്രശസ്ത കാർട്ടൂണിസ്റ്റ് യേശുദാസൻ അന്തരിച്ചു. മലയാള മനോരമയിൽ 23 വർഷം സ്റ്റാഫ് കാർട്ടൂണിസ്റ്റ് ആയി പ്രവർത്തിച്ചിരുന്നു. മാവേലിക്കര ഭരണിക്കാവ് സ്വദേശിയാണ്. ശങ്കേഴ്സ് വീക്കിലി, ജനയുഗം, ബാലയുഗം, കട്ട് കട്ട്, അസാധു എന്നിവയിലും പ്രവർത്തിച്ചു. കേരള ലളിതകലാ അക്കാദമി, കേരള കാർട്ടൂൺ അക്കാദമി അധ്യക്ഷനായിരുന്നു.

മലങ്കര സഭയുടെ എറണാകുളം സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. ചന്ദനപ്പള്ളി പള്ളിയിൽ വെച്ച് പരിശുദ്ധ കാതോലിക്കാ ബാവ തിരുമേനി ഓർഡർ ഓഫ് സെന്റ് ജോർജ് ബഹുമതി നൽകി ആദരിച്ചിരുന്നു.

Article

PROUD TO BE A TEACHER - 8



Fr. Dr. P. S. Varghese
(Vicar MGOS Church, Dimapur & Principal, MGM College)

How Gandhiji is a role model for us?

This is a question, asked one of his friends to writer Shoukat; (Hrudhayam Thottathu(Malayalam), 2021.p.174).

Author replied:

Gandhiji used faith, vision, religion, scriptures, prayer, and power to fight against divisions among human beings. Others see all these as objects for selfishness and personal motives. So he is a role model to humanity.

I would like to add one more term to the above statement. Gandhiji used **education** along with faith, vision, religion, scripture, prayer, and power to fight against all human-made divisions.

Education is not the marks or grades which one secured after the examination. Beyond marks and grades, it is for the critical thinking and problem-solving capacity.

In NEP-2020, ancient Indian Educational ideas and Gandhian Nai-Talim educational views are revived (will discuss later). It's a new hope to revive great Indian traditional education.

This gives the multilingual skill for learning. However, the mother tongue is the medium of instruction. Education through productive work, learning will go beyond textbooks, school is an extension of the home, learning by doing, critical thinking, and scientific temperaments are highlighted.

Efficiency is not the placement which one gets after studies or the hundred thousand pay package. Beyond that, every individual must have human values.

Compassion is the great value one must achieve. They must be loving citizens. Everyone has the right to live. If we can impart this to our generations, it is enough.

Nobel peace laureate, African American Baptist minister, and political and social activist, Martin Luther King Jr. wrote in Maroon Tiger a campus newspaper; (January-February, 1947) twofold functions of education in man and society are utility and culture. Society is an integral part of every human. He affirms that the true goal of education is intelligence plus character.

Further, **"The function of education, therefore, is to teach one to think intensively and to think critically. But education which stops with efficiency may prove the greatest menace to society. The most dangerous criminal may be the man gifted with reason, but with no morals."**

He concluded his article with the following lines:

"If we are not careful, our colleges will produce a group of close-minded, unscientific, illogical propagandists, consumed with immoral acts. Be careful, "brethren!" Be careful, teachers!"

ഹൈക്കോടതി വിധി ഓർത്തഡോക്സ് സഭയുടെ നിലപാടുകൾക്കുള്ള അംഗീകാരം: അഡ്വ. ബിജു ഉമ്മൻ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ 1934-ലെ ഭരണഘടനയ്ക്ക് വിധേയമായി വിശ്വാസികൾ ഇടവക പള്ളിയോടും സഭയോടും ചേർന്ന് നിൽക്കണമെന്നുള്ള കേരള ഹൈകോടതിയുടെ പരാമർശങ്ങൾ സ്വാഗതം ചെയ്യുന്നതായി മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ. ആരാധന നടത്തുവാൻ പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് നൽകിയ കേസിന്റെ പരിഗണനാവേളയിലാണ് കേരളാ ഹൈകോടതി ഈ പരാമർശം നടത്തിയത്. ഭരണഘടനയ്ക്ക് വിധേയമായി വിശ്വാസികൾ ഇടവക പള്ളികളോടും സഭയോടും ചേർന്നു നിൽക്കണം എന്നതാണ് ആരംഭം മുതൽ സഭയുടെ നിലപാട്. സുപ്രീം കോടതിയുടെ അന്തിമ വിധിയോടെ മലങ്കര സഭ ഒന്നായി തീർന്നിരിക്കുകയാണ്. സഭാ ഭരണഘടന അനുസരിച്ച് വിശ്വാസികൾ അവരവരുടെ ഇടവക പള്ളികളിൽ തുടരണം എന്നതാണ് സഭയുടെ ആഹ്വാനവും ആഗ്രഹവും. മലങ്കര സഭയുടെ 1934-ലെ ഭരണഘടന അംഗീകരിക്കുന്ന വിശ്വാസികളുടെ സഭാപരവും കാനോനികവുമായ എല്ലാ അവകാശങ്ങളും നിറവേറ്റാൻ ഓർത്തഡോക്സ് സഭ എന്നും പ്രതിജ്ഞാബദ്ധമാണ്.

എന്നാൽ സഭാ ഭരണഘാടന അംഗീകരിക്കുന്നു എന്നതിന്റെ മറവിൽ ഇടവകകളിൽ നിയമാനുസൃത വികാരിയെ തടയുകയും ആരാധനാ സ്വാതന്ത്ര്യം നിഷേധിക്കുകയും ആരാധനാലയങ്ങളെ സംഘർഷഭൂമിയാക്കി മാറ്റുകയും ചെയ്യുന്ന ചില വ്യക്തികളുടെ ഗൂഢശ്രമങ്ങളെ മാത്രമേ സഭ എതിർത്തിട്ടുള്ളൂ. അത് സഭ നിയമപരമായി തന്നെ നേരിടും. ബഹു. സുപ്രീം കോടതി അംഗീകരിച്ച മലങ്കര സഭയുടെ ഭരണഘടന പ്രകാരം ഒരു സഭ മാത്രമേ മലങ്കരയിൽ ഉള്ളൂ എന്ന് മനസ്സിലാക്കണം. ഇത് തന്നെയാണ് കേരളാ ഹൈകോടതിയും ആവർത്തിച്ച് വ്യക്തമാക്കിയത്. 'ഒരു സഭ, ഒരു നിയമം, ഒരു ഭരണക്രമം' എന്ന സുപ്രീം കോടതി വിധിയുടെ അന്തഃസത്ത ഉൾകൊണ്ട് ഒരു ആരാധനാ സമൂഹമായി പ്രവർത്തിക്കുവാൻ എല്ലാവർക്കും കഴിയണമെന്നും അഡ്വ. ബിജു ഉമ്മൻ പറഞ്ഞു


അമൃതാ യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ രേഷ്മ സാറാ ഈശോയ്ക്ക് ഡോക്ടറേറ്റ് ലഭിച്ചു. മാവേലിക്കര പുതിയകാവ് സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമാണ്.



വചനതീർത്ഥം

ദ്രവ്യാഗ്രഹത്തെ സൂക്ഷിച്ചു ഒഴിയുക

(സ്ലീബാ പെരുന്നാളിനു ശേഷം നാലാം ഞായർ വി. ലൂക്കോസ് 12:13-21)



ഫാ. വിനോദ് ജോർജ്
(മാനേജർ, വെട്ടിക്കൽ ദയറാ)

സമ്പത്തിനെക്കുറിച്ചുള്ള യേശുക്രിസ്തുവിന്റെ കാഴ്ച്ചപ്പാടുകൾ വ്യക്തവും സുദൃഢവുമായിരുന്നു. സമ്പത്ത് സമ്പാദിക്കുന്നതും വിനിയോഗിക്കുന്നതും എങ്ങനെയായിരിക്കണം എന്ന് സുവ്യക്തമായ ഉപദേശങ്ങൾ യേശുക്രിസ്തു പലതവണ നൽകിയിട്ടുണ്ട്. ദ്രവ്യാഗ്രഹത്തെ നിശിതമായി വിമർശിക്കുകയും നിരവധി ഉപമകളിലൂടെയും രൂപങ്ങളുടെയും അതിന്റെ ആപത്തിനെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗം വി. ലൂക്കോസ് 12:13-21, ധനവാനായ ഭോഷന്റെ ഉപമ വിശദീകരിച്ച് ദ്രവ്യാഗ്രഹത്തെ സൂക്ഷിക്കണമെന്നും ദൈവവിഷയത്തിലാണ് സമ്പന്നരാകേണ്ടതെന്നും യേശുക്രിസ്തു നമ്മെ പഠിപ്പിക്കുന്നു.

ദ്രവ്യാഗ്രഹത്തെ സൂക്ഷിച്ചു ഒഴിയുക

യേശുവിന്റെ ഉപദേശങ്ങളിൽ ശ്രദ്ധേയമാണിത്. യേശുവിന്റെ അടുത്തുവന്ന ഒരുത്തൻ “ഗുരോ, ഞാനുമായി അവകാശം പകുതി ചെയ്യുവാൻ എന്റെ സഹോദരനോടു കല്പിച്ചാലും' (വാ. 13) എന്നു പറഞ്ഞു. യേശു അവനെ പരിഹസിച്ച് 'മനുഷ്യാ' എന്നെ നിങ്ങൾക്കു ന്യായകർത്താവോ പങ്കിടുന്നവനോ ആക്കിയത് ആര് എന്നു ചോദിച്ചു' (വാ. 14).

പണസമ്പാദനവും വസ്തുവകയുടെ വളർച്ചയും അല്ല ജീവിതത്തിൽ ലക്ഷ്യമാക്കേണ്ടത്. സമൃദ്ധിയും വസ്തുവകയുമല്ല ജീവന് ആധാരം. ക്രിസ്തീയ ജീവിതത്തിൽ ദ്രവ്യാഗ്രഹം പാപമാണ്. ദൈവത്തിന്റെ പത്തു കല്പനകളിൽ ഒന്ന് 'കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്; കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത്' (പുറപ്പാട് 20:17) എന്നതാണ്. വി. വേദപുസ്തകത്തിൽ സകലവിധ ദോഷത്തിനും മൂലം എന്നു പറഞ്ഞിരിക്കുന്ന ഏകപാപം ദ്രവ്യാഗ്രഹം മാത്രമാണ്. 1 തീമോത്തി. 6:10 “ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ.' ദ്രവ്യാഗ്രഹി വളരെ വേഗത്തിൽ എത്ര കൊടിയ (വ്യഭിചാരം. മോഷണം, പിടിച്ചുപറി, കൊലപാതകം തുടങ്ങിയവ) പാപത്തിലേക്കും വീഴുവാൻ സാദ്ധ്യതയുണ്ട് എന്നർത്ഥം.

ദ്രവ്യാഗ്രഹം ഇല്ലാത്തവന് അനുഗ്രഹങ്ങളും ദീർഘായുസ്സും ഉണ്ടാകും. സദൃശ്യവാക്യങ്ങൾ 28:16 'ദ്രവ്യാഗ്രഹം വെറുക്കുവന്നവനോ ദീർഘായുസ്സോടെ ഇരിക്കും.' എബ്രായർ 13:5 “നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ. ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവീൻ.” എഫേസ്യർ 5:3 'ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറയുകപോലും അരുത്,'

എല്ലാ തിന്മകൾക്കും കാരണമാകുന്ന ദ്രവ്യാഗ്രഹം സൂക്ഷിച്ചു ഒഴിയുന്നതാണ് ബുദ്ധി. വീട്ടുകാരോടും സഹോദരങ്ങളോടും കൂട്ടുകാരോടും സ്നേഹത്തോടും സന്തോഷത്തോടും കൂടി വർത്തിക്കുവാൻ ദ്രവ്യാഗ്രഹത്തെ നമ്മുടെ ഹൃദയത്തിൽ നിന്നും തുടച്ചുമാറ്റുക.

സമ്പത്തിൽ ധിക്കാരം

സമ്പത്ത് വർദ്ധിക്കുമ്പോൾ വ്യക്തികൾക്കും സമൂഹങ്ങൾക്കും ധിക്കാരവും അഹങ്കാരവും ഉണ്ടാവുക സർവ്വസാധാരണമാണ്. അങ്ങനെയുണ്ടാകുന്ന ധിക്കാരത്തെ നിശിതമായി വിമർശിക്കുവാൻ ധനവാനായ ഭോഷന്റെ ഉപമ, യേശു ഇവിടെ പറയുന്നു.

ഭൂമി നന്നായി വിളഞ്ഞ ധനവാനായ മനുഷ്യൻ ധിക്കാരത്തോടെയുള്ള ചിന്തകളിലേക്ക് വഴുതി വീഴുകയാണ്. “എന്റെ വിളവ് കൂട്ടിവെയ്ക്കാൻ സ്ഥലംപോര, കളപ്പുരകളെ പൊളിക്കും, അധികം വലിയവ പണിയും, ഏറിയ ആണ്ടുകൾക്കു മതിയായ അനവധി വസ്തുവക എനിക്കുണ്ട്, ആശ്വസിക്കുക, തിന്നുക, കുടിക്കുക, ആനന്ദിക്കുക” (വാ. 16,17,18,19), ധനവാന്റെ അഹങ്കാരം കൂടിവന്നപ്പോൾ, ദൈവം അവനോടു 'മൂഢാ' എന്നു വിളിച്ചിട്ട് ചോദിക്കുന്നു 'ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവച്ചത് ആർക്കാകും' (വാ. 20).

സമ്പത്തിൽ ധിക്കാരം ഉണ്ടാകുന്നവർക്കെല്ലാം ഉണ്ടാകുന്ന ആപത്താണ് കർത്താവ് ഇവിടെ ഉദ്ബോധിപ്പിക്കുന്നത്. സമ്പത്തിൽ ധിക്കാരം കാണിച്ചതും അതിനുണ്ടായ അനന്തരഫലങ്ങളും വി. വേദപുസ്തകത്തിൽ ധാരാളം കാണുന്നുണ്ട്. ഉൽപത്തി 11:4 'ആകാശത്തോളം എത്തുന്ന ഗോപുരം പണിഞ്ഞ് പേരുണ്ടാക്കുവാൻ ശ്രമിച്ച മനുഷ്യരെ, ദൈവം അവിടെ നിന്നു ഭൂതലത്തിൽ എങ്ങും ചിന്നിച്ചു കളഞ്ഞു.”

ഈ ലോകത്തിലെ ധനവാന്മാരോടു ഉന്നതഭാവം കൂടാതെയിരിപ്പാനും നിശ്ചയമില്ലാത്ത ധനത്തിലല്ല, ദൈവത്തിൽ ആശവെപ്പാനും ഉപദേശിക്കുന്ന പ. പൗലോസ് ശ്ലീഹായെ (1 താമോത്തി. 6:17) നമുക്കു കാണാം. വി. യാക്കോബ് പറയുന്നു 4:13 “ഇന്നോ നാളെയോ ഞങ്ങൾ ഇന്നപട്ടണത്തിൽ പോയി അവിടെ ഒരാണ്ടു കഴിച്ചു വ്യാപാരം ചെയ്തു ലാഭം ഉണ്ടാക്കും എന്നു പറയുന്നവരേ, കേൾപ്പീൻ, നാളത്തേതു നിങ്ങൾ അറിയുന്നില്ലല്ലോ. നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലോ.”

നമ്മുടെ സമ്പത്തും, വിളവും ദൈവത്തിന്റെ ദാനമാണെന്നും, അത് ദൈവത്തിൽ സമർപ്പിച്ച് വിനിയോഗിക്കണമെന്നും പഠിക്കാം.

ആത്മീയ സമ്പത്ത് സമ്പാദിക്കുക


ആത്മീയ സമ്പന്നതയും ലൗകീക സമ്പന്നതയും ഉണ്ട്. ദൈവവിഷയത്തിൽ സമ്പന്നരാകുന്നതാണ് ആത്മീയ സമ്പന്നത അല്ലെങ്കിൽ യഥാർത്ഥ സമ്പന്നത എന്നു പറയുന്നത്. കളപ്പുര പൊളിച്ചു പണിയുന്നതും, ധാന്യം കൂട്ടിവെയ്ക്കുന്നതും, തിന്നുകയും കുടിക്കുകയും ആനന്ദിക്കുകയും ചെയ്യുന്ന 'എപ്പിക്യൂരിയർ' സിദ്ധാന്തത്തിൽ ജീവിക്കുന്നതും ലൗകിക സമ്പന്നതയാണ്. യേശു പറയുന്നു (വാ. 21) 'ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നേ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു.'

'ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെ ജീവനെ കളയുകയും ചെയ്താൽ അവന് എന്തു പ്രയോജനം?' (വി. മർക്കോസ് 8:36). ദൈവത്തെ മുൻനിർത്തി ധനം സമ്പാദിക്കേണ്ടതും വിനിയോഗിക്കേണ്ടതുമാണെന്ന സന്ദേശമാണ് യേശുക്രിസ്തു നമുക്ക് നൽകുന്നത്. ലൗകിക സമ്പത്ത് അനശ്ചിതത്വം ഉള്ളതാണെന്നും (1 തീമോത്തി. 6:17) നന്മയിലും സൽപ്രവൃത്തികളിലും സമ്പന്നരാകാനും (1 തീമോത്തി 6:18) പ. പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു. ദാനശീലരും ഔദാര്യമുള്ളവരുമാകുന്നതാണ് ആത്മീയ സമ്പന്നത.

ലൗകിക സമ്പത്ത് ആഗ്രഹിക്കുന്നവർക്കുള്ള സന്ദേശം സദൃശ്യവാക്യങ്ങൾ 23:5-ൽ പറയുന്നു. 'നിന്റെ ദൃഷ്ടി ധനത്തിന്മേൽ പതിക്കുന്നത് എന്തിന്? അത് ഇല്ലാതെയായ്പ്പോകുമല്ലോ. കഴുകൻ ആകാശത്തേക്ക് എന്നപോലെ അതു ചിറകെടുത്തു പറന്നുകളയും.'

Church Calendar

The Righteous Rich and unrighteous mammon



4th Sunday after Feast of Holy Cross

Fr. Dr. Joshi Varghese, Bhilai
(Diocesan Education Officer & PRO, Calcutta Diocese)

Evening- St. Mark 10: 1-16: Morning- St. Luke 9:37-45: Before Holy Qurbana- Numbers 29: 35- 40; I Kings 8: 22 -30; Psalms 42: Holy Qurbana- Acts 21:17 –26; I Corinthians 1: 21-29

St. Luke 16: 9 -18

Jesus told His disciples a parable on a dishonest steward who squandered the property of his master and when he was about to be terminated from his job, gave huge concessions to the master's debtors so that they would help the steward later. This parable was told to teach about the right attitude towards wealth.

a. Riches, a gift of God?

"make friends for yourselves by means of dishonest wealth." (Lk 16:9)

According to American theologian Albert Barnes 'unrighteous mammon' was used in the sense that the riches are "deceitful, false, not to be trusted" in contrast to the "the true riches" in Luke 16:11. In other words it denotes the impermanence of wealth. In the Old Testament wealth and riches are generally used as synonyms and symbolises God's blessings. The righteous are shown as abundantly blessed by God with riches and poverty is seen either as a result of one's sin or symbol of God's displeasure with the person or nation. Abraham was blessed by God and was promised that God "*will give to* his *offspring all these lands* (Gen 26:4). Isaac *sowed seed in that land, and in the same year reaped a hundredfold.* This happened because *the Lord blessed him* (Gen 26:4). David was blessed with abundant riches (1 Chr 29) and he acknowledged that *Riches and honour come from you* (1 Chr 29:12). God gave King Solomon *riches and honour* (1 Kings 3:13) because he was pleasing to God. The words of the Psalmist *Blessed is the man who fears the Lord,… Wealth and riches will be in his house* (Ps 112:1-3) captures the relation between the riches and God's favour as seen in the Old Testament. Riches are seen as given by God- *"But remember the Lord your God, for it is he who gives you power to get wealth, so that he may confirm his covenant that he swore to your ancestors, as he is doing today*" (Deut 8:18).

Being blessed with wealth is to be seen in the context of the responsibility given to Abraham; to be a blessing to others. The prophets tried to instruct Israel about the right utilisation of wealth. They also warned against exploitation of the poor. The righteous in attaining (Amos 4:1-4) and handling of riches is stressed by the prophets (Jer. 2:15-16). To gain or accumulate wealth through unfair means (lending money at interest and taking bribes -Ps 15:5) and exploitation is clearly prohibited. Prophet Ezekiel's description of a righteous man includes the right attitude, accrual and utilisation of wealth - *restores to the debtor his pledge, commits no robbery, gives his bread to the hungry and covers the naked with a garment, does not take advance or accrued interest* (Ez 18:7-8).

b. How to deal with wealth?

You cannot serve God and wealth (Lk 16:13)

Jesus was the friend of the Rich and poor alike. Though Jesus was born in a poor family and had fishermen as His close disciples, there were many wealthy people who were also His disciples- Zacchaeus the tax collector, Joseph of Arimathea (Mk 15:43) and women from Jerusalem (Lk 8:3). The traditional belief that only wealth is the major symbol of God's blessing was redefined by Jesus in His sermon on the plain that announced, *Blessed are you who are poor, for yours is the kingdom of God* (Lk 6:20). The emphasis was shifted from having abundant riches to 'abundant life' (Jn 10:10b). The transience of worldly wealth was contrasted with eternal life ; *For what will it profit them if they gain the whole world but forfeit their life? Or what will they give in return for their life?* (Mt 16:26). Through the parable of Sower Jesus warned the listeners against getting *choked by the cares and riches and pleasures of life* (Lk 8:14).

The early Church took the teachings of Jesus to heart and that's why *all who believed were together and had all things in common; they would sell their possessions and goods and distribute the proceeds to all, as any had need* (Acts 2:43,44). The wealth owned by a believer was used for the common good. But there were a few like Ananias and Sapphira (Acts 5:1-10) who fell for the glittering wealth of this world. Hence St. Paul warns the believers that *the love of money is a root of all kinds of evil, and in their eagerness to be rich some have wandered away from the faith and pierced themselves with many pains* (1Tim 6:10). St. Paul also teaches that it is not the riches that make one happy, but contentment leads to joy - *I know what it is to have little, and I know what it is to have plenty...I have learned the secret of being well-fed and of going hungry, of having plenty and of being in need* (Phil 4:12).

The rich are expected to show mercy to the needy and share with them the blessings (Mt: 25:32-46) and this would be counted at the second coming of Jesus. St. Paul further elaborates the theme in his letter to Timothy (1 Tim 6:17,18). The rich are commanded to ensure that the riches don't make them haughty nor should the focus of their life be worldly wealth which is transitory. We shall always remember that what we are and what we have, is God's gift to us and what we do with those riches are our gift to God.

Conclusion

As water is needed for a ship to sail, wealth is needed for our worldly life. But if we become obsessed with wealth it would be like water getting into the ship which ultimately would sink it. As St. Paul exhorts, irrespective of the quantity of the material wealth we possess, let us *do good, be rich in good works, generous, and ready to share*…" (1 Tim 6:18).

❑



പിറവം സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ശിലാസ്ഥാപന പെരുന്നാളിനോടനുബന്ധിച്ച് പള്ളി സ്ഥാപിക്കുന്നതിന് സ്ഥലം നൽകിയ ചാലാശ്ശേരി കാർത്താക്കന്മാരുടെ കുടുംബത്തിനും പാരമ്പര്യമനുസരിച്ച് അഞ്ചേകാലും കോപ്പും നൽകി ഡോ. തോമസ് മാർ അത്താനാസിയോസ്, യൂഹാനോൻ മാർ പൊളികർപ്പോസ് മെത്രാപ്പോലീത്തമാരിൽ നിന്ന് ചാലാശ്ശേരി കുടുംബനാഥൻ വേണുഗോപാലും മകൾ കീർത്തന വേണുഗോപാലും ചേർന്ന് ഏറ്റുവാങ്ങി. പള്ളി വികാരി ഫാദർ സക്കറിയ വട്ടക്കാട്ടിൽ സഹവികാരിമാർ ആയ ഫാദർ മാത്യുസ് കാഞ്ഞിരംപാറ,ഫാദർ മാത്യുസ് വാതക്കാട്ടേൽ, ഫാദർ ഏലിയാസ് ചെറുകാട്, മത്തായി അയിലാപുരത്ത് കോർ എപ്പിസ്കോപ്പ, ഗീവർഗീസ് കൊച്ചുപറമ്പിൽ റമ്പാൻ, പള്ളി ഭാരവാഹികളും, വിശ്വാസികളും പങ്കെടുത്തു.



കേരള യൂണിവേഴ്സിറ്റിയുടെ 2021-ലെ എം.ബി.ബി.എസ്. പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ ജൂലിയ തോമസ് (കോട്ടയം മെഡിക്കൽ കോളജ്). കുറിച്ചി ചെറിയ പള്ളി ഇടവകയിൽ തയ്യിൽ ഡോ. ടി. സി. തോമസിന്റെയും പ്രിയ തോമസിന്റെയും മകൾ.



കാലിക്കറ്റ് സർവകലാശാലയിൽ ബി.എ മലയാളത്തിനു മൂന്നാം റാങ്ക് ലഭിച്ച ഒലവക്കോട് സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക അംഗമായ അമൽ ബാബു.



പത്തനാപുരം മൗണ്ട് താബോർ സന്യാസിനി സമൂഹം അംഗങ്ങളായ സിസ്റ്റർ ഷൈനോ, സിസ്റ്റർ അക്സ, സിസ്റ്റർ ലീബ, സിസ്റ്റർ ഗ്ലോറിയ, സിസ്റ്റർ റീത്താ എന്നിവർ പൂർണ്ണ സന്യാസവ്രതം (ദയറൊയ്ത്തോ) വ്രതം സ്വീകരിച്ചു. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിൽ പത്തനാപുരം മൗണ്ട് താബോർ ദയറാ ചാപ്പലിൽ സന്യാസവ്രത സ്വീകരണ ശുശ്രൂഷ നടത്തപ്പെട്ടു.



സിസ്റ്റർ മാർത്ത നിര്യാതയായി

റാന്നി - പെരിനാട്: ബഥനി കോൺവെന്റ് അംഗം സിസ്റ്റർ മാർത്ത എസ്.ഐ.സി. നിര്യാതയായി. സംസ്കാരം ബഥനി കോൺവന്റ് സെമിത്തേരിയിൽ നടത്തി.

പെരുനാട് സെന്റ് മേരീസ് സ്കൂൾ, പുലികുട്ടിശ്ശേരി ഹന്നാ ഭവൻ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കുളക്കട ചാരുവിള പുത്തൻ വീട് പരേതനായ യോഹന്നാന്റെയും ഏലിയാമ്മയുടെയും മകളാണ് - സിസ്റ്റർ യുലീത്തി എസ് ഐ സി സഹോദരിയാണ്.



തൃക്കുന്നത്ത് സെമിനാരിക്കേസ്: അപ്പീൽ ഹൈക്കോടതി തള്ളി

കൊച്ചി: അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായുടെ ആസ്ഥാനവും അരമന ചാപ്പലും കൂടിയായിരിക്കുന്ന ആലുവ തൃക്കുന്നത്ത് സെമിനാരി ഒറിജിനൽ സ്യൂട്ട് പിൻവലിക്കണമെന്ന വിഘടിത യാക്കോബായ വിഭാഗത്തിന്റെ പേരിൽ അപ്പീൽ ഫയൽ ചെയ്തവരുടെ ആവശ്യം ഹൈക്കോടതി തള്ളി.

അപ്പീൽ മാത്രം പിൻവലിക്കാൻ അനുവദിച്ച് കേസ് ഹൈക്കോടതി തള്ളി. വിധിയായ ഒറിജിനൽ സ്യൂട്ട് പിൻവലിക്കാൻ ആവില്ലെന്ന് കോടതി പറയുകയും ആലുവാ തൃക്കുന്നത്ത് സെമിനാരി മലങ്കര ഓർത്തഡോക്സ് സഭയുടെ ആണെന്ന ജില്ലാക്കോടതി വിധി നിലനിർത്തുകയും ചെയ്തു.